# UDAYADEEPA



VOL. XVII ISSUE -4
APRIL- 2025 BELTHANGADY

# Happy Easter



**Pope Francis**

**The Lord, he said, opens the path of life in the midst of death, of peace in the midst of war, of reconciliation in the midst of hatred, and of fraternity in the midst of hostility.**

**(Urbi Et Orbi, 2024)**

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

Vol. XVII Issue-04 April - 2025 Page- 52

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS


| | | |
|---|---|---|
| 01. | Christmas Greetings : Pope Francis | 05 |
| 02. | Lenten Message : Pope Francis | 06 |
| 03. | World Day on Sick : Pope Francis | 11 |
| 04. | Pothuyogam : Msgr. Joseph Valiaparambil | 16 |
| 05. | Christ Jubilee | 17 |
| 06. | Notifications from the Chancellery | 18 |
| 07. | Seminary News | 21 |
| 08. | Catechism Department News | 23 |
| 09. | Bible Apostolate | 30 |
| 10. | Family Apostolate | 36 |
| 11. | Youth Apostolate | 36 |
| 12. | St. Vincent De Paul Society : News | 38 |
| 13. | Social Service Department | 39 |
| 14. | Photo Gallery | 43 |
| 15. | Bishop's Diary | 49 |
| 16. | Bishop's Engagements | 51 |

SECRETARIAT OF STATE

FIRST SECTION – GENERAL AFFAIRS

From the Vatican, 24 February 2025

N. 655.362

Your Excellency,

At the request of the Holy Father, I am writing to thank you for the kind Christmas and New Year greetings which you sent on behalf of the Diocese of Belthangady. He greatly appreciates the prayers offered for his intentions.

His Holiness assures you and those entrusted to your care of a remembrance in his prayers. He invokes upon all of you an abundance of joy and peace in Jesus Christ the Incarnate Word, and he cordially imparts his Blessing.

With my own prayerful good wishes, I remain

Yours sincerely in Christ,

✠ Edgar Peña Parra
*Substitute*

---

The Most Reverend
Lawrence Mukkuzhy
Bishop of Belthangady
Bishop's House Belthangady
PB No-13
Belthangady 574214
D.K. Karnataka
India

# നോമ്പുകാല സന്ദേശം

**ഫ്രാൻസിസ് പാപ്പ**

## 'പ്രത്യാശയിൽ നമുക്കൊരുമിച്ചു യാത്രചെയ്യും'

പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ വാർഷിക തപസ്സു കാലതീർത്ഥാടനം അനുതാപസൂചകമായ ചാരംപൂശൽ കർമ്മത്തോടെ വിശ്വാസത്തിലും പ്രത്യാശയിലും നാം ആരംഭിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള കർത്താവായ ക്രിസ്തുവിന്റെ പെസഹാവിജയം നാം അത്യധികം സന്തോഷത്തോടെ ആഘോഷിക്കേണ്ടതിനായി നമ്മുടെ മാതാവും ഗുരുനാഥയുമായ സഭ നമ്മുടെ ഹൃദയങ്ങൾ ദൈവത്തിന്റെ കൃപയിലേക്ക് തുറന്നു വയ്ക്കാൻ നമ്മെ ക്ഷണിക്കുന്നു. ഈ വിജയത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ഇപ്രകാരം ഉദ്ഘോഷിച്ചു: മരണത്തെ വിജയം ഗ്രസിച്ചു കളഞ്ഞു. മരണമെ, നിന്റെ വിജയം എവിടെ? മരണമെ, നിന്റെ ദംശനം എവിടെ? (1കോറി 15 : 54-55) യഥാർത്ഥത്തിൽ, ക്രൂശിതനും ഉത്ഥിതനുമായ യേശുക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിന്റെ ഹൃദയം; അവിടന്നാണ് പിതാവിന്റെ വലിയ വാഗ്ദാനത്തിലുള്ള നമ്മുടെ പ്രത്യാശയുടെ അച്ചാരം. ഈ വാഗ്ദാനം പ്രിയപുത്രനിൽ നിറവേറിക്കഴിഞ്ഞു; അതായത് നിത്യജീവൻ ( യോഹ 10 : 28 ; 7 : 3 കാണുക). ജൂബിലി വർഷത്തിന്റെ കൃപയിൽ പങ്കുചേരുന്ന ഈ തപസ്സുകാലത്ത് പ്രത്യാശ്യയിൽ ഒരുമിച്ചു യാത്രചെയ്യുക എന്നതിന്റെ അർഥത്തെക്കുറിച്ചും ദൈവം തന്റെ കാരുണ്യത്താൽ വ്യക്തിയും സമൂഹവും എന്ന നിലയിൽ എല്ലാവർക്കും നൽകുന്ന മാനസാന്തരത്തിലേക്കുള്ള ആഹ്വാനത്തെക്കുറിച്ചും ചില ചിന്തകൾ നിങ്ങളുമായി പങ്കുവെയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**ഒന്നാമതായി, യാത്ര ചെയ്യുക എന്നതാണ് :** ജൂബിലിയുടെ ആപ്ത വാക്യമയാ പ്രത്യാശയുടെ തീർത്ഥാടകർ, പുറപ്പാടിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഇസ്രായേൽ ജനത്തിന്റെ വാഗ്ദത്തഭൂമിയിലേക്കുള്ള ദീർഘമായ യാത്രയുടെ ഓർമകൾ ഉണർത്തുന്നു. അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള ദുഷ്കരമായ ആ പാത തന്റെ ജനത്തെ സ്നേഹിക്കുകയും എപ്പോഴും അവരോടു വിശ്വാസ്തനായിരിക്കുകയും ചെയ്ത കർത്താവ് ഇച്ഛിച്ചതും നയിച്ചതും ആയിരുന്നു. ബൈബിളിലെ പുറപ്പാടിനെക്കുറിച്ച് ചിന്തി

ക്കുമ്പോൾ, നമ്മുടെ കാലത്ത് ദുരിതത്തിന്റെയും അക്രമത്തിന്റെയും സാഹചര്യങ്ങളിൽ നിന്നു തങ്ങൾക്കും പ്രിയപ്പെട്ടവർക്കും മെച്ചപ്പെട്ട ജീവിതം തേടി പാലായനം ചെയ്യുന്ന നമ്മുടെ സഹോദരീ സഹോദര ന്മാരെക്കുറിച്ചും ചിന്തിക്കാതിരിക്കാനാവില്ല.

ഇവിടെയാണ് മാനസനാന്തരത്തിനായുള്ള ആദ്യക്ഷണം ഉയരുന്നത്. കാരണ, നാമെല്ലാവരും ഈ ജീവിതത്തിൽ തീർത്ഥാടകരാണ്. അതിനാൽ നാം ഓരോരുത്തരും ഒരുനിമിഷം ഈ വസ്തുത നമ്മുടെ ജീവിതങ്ങങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നു ചിന്തിക്കേണ്ടതാണ്. ഞാൻ യഥാർഥത്തിൽ ഒരു യാത്രയിലാണോ, അതോ ഞാൻ മുന്നോട്ടു നീങ്ങാതെ നില ഉറപ്പിച്ചിരിക്കുകാണോ? ഭയവും നിരാശയും മൂലം ഞാൻ നിശ്ചലനാണോ ? അല്ലെങ്കിൽ, എന്റെ സുരക്ഷിത വലയത്തിൽ നിന്ന് പുറത്തുകടക്കാൻ ഞാൻ വിസമ്മിതിക്കുന്നോ? പാപത്തിന്റെ അവസരങ്ങളും എന്റെ മാഹാത്മ്യത്തെ ഇടിച്ചു താഴ്ത്തുന്ന സാഹചര്യങ്ങളും ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണോ ? നമ്മുടെ ദൈനം ദിന ജീവിതം ഒരു കുടിയേടറ്റക്കാരന്റെയും വിദേശിയുടെയോ ജീവിതവുമായി താര്തമ്യപ്പെടുത്തി നോക്കുന്നത് ഒരു തപസ്സുകാല അനുഷ്ഠാന മാകാവുന്നതാണ്. അത് അവരുടെ അനുഭവങ്ങളോട് എങ്ങനെ സഹതപിക്കാൻ, സാധിക്കും എന്നു മനസ്സിലാക്കുന്നതിനും അതു വഴിയായി ദൈവം എന്താണ് നമ്മോട് ആവശ്യപ്പെടുന്നത് എന്നറിയുന്നതും അങ്ങനെ പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയിൽ എങ്ങനെ കൂടുതൽ നന്നായി നമുക്ക് മുന്നേറാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും സഹായകമാകും. വഴിയാത്രക്കരായ നമുക്ക് ഓരോരുത്തർക്കും ഇതൊരു നല്ല ആത്മപരിശോധന ആയിരിക്കും.

**രണ്ടാമതായി, ഒരുമിച്ചു യാത്രചെയ്യുക :**

സിനഡാത്മകമായി ഒരുമിച്ചു യാത്ര ചെയ്യാനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത് (2). ക്രിസ്ത്യാനികൾ ഒരിക്കലും ഒറ്റയ്ക്കു സഞ്ചരിക്കുവാനല്ല അപരന്റെ പാർശ്വ ചേർന്നു നടക്കാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ സ്വത്വത്തിലേക്കു ഉൾവലിയാനല്ല, മറിച്ച് നമ്മുടെ സ്വത്വത്തെ പുറകിൽ നിരുത്തി ദൈവത്തിന്റെയും സഹോരീ സഹോദരന്മാരുടയും സമീപത്തേക്ക് നടന്നു നീങ്ങാനാണ് പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നത്(3). ഒരുമിച്ചു യാത്ര ചെയ്യുക എന്നതിന്റെ അർഥം ദൈവപുത്രരെന്ന നമ്മുടെ പോതുമഹാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ

(ഗലാ 3 : 26-28 കാണുക) നമ്മുടെ ഐക്യം ബലപ്പെടുത്തുക എന്ന തത്രേ. അതായത്, പറ്റം ചേർന്ന് നടക്കുക. മറ്റുള്ളവരെ തള്ളി വീഴ്ത്താതെയും വചിട്ടി മെതിക്കാതെയും അസൂയയും കാപട്യവും കൂടാതെയും ആരെയും പുറകിലാക്കുകയോ ഒഴിവാക്കുകയോ ചെയ്യാതെയും പറ്റം ചേർന്നു നടക്കുക എന്നതാണിതിർഥം. നമുക്കെല്ലാവർക്കും ഒരേ ലക്ഷ്യത്തോടെ സ്നേഹത്തിലും ക്ഷമയിലും, പരസ്പരം ശ്രവിക്കുന്നവരായി ഒരേ ദിശയിലേക്കു നടക്കാം.

നമ്മുടെ ജീവിതസാഹചര്യങ്ങളായ കുടുംബങ്ങളിലും, നാം സമയം ചെലവഴിക്കുന്ന നമ്മുടെ പ്രവർത്തന സഥലങ്ങളിലും മറ്റുള്ളവരുമയി ഒരുമിച്ചു നടക്കാനും അവരെ ശ്രവിക്കാനും നാം തയ്യാറാണോ എന്നും അല്ലെങ്കിൽ നാം നമ്മിലേക്കു തന്നെ ഉൾവലിഞ്ഞുകൊണ്ട് നമ്മുടെ ആവശ്യങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുന്ന രീതിയാണോ നമ്മുടെതെന്നും സ്വയം പരിശോധിച്ചറിയാൻ ദൈവം നമ്മോട് ഈ നോമ്പുകാലത്ത് ആവശ്യപ്പെടുന്നു. മെത്രാന്മാർ, പുരോഹിതർ, സന്യസ്തർ, അല്മായ വിശ്വാസികൾ എന്നീ നിലകളിൽ ദൈവരാജ്യത്തിന്റെ ശുശ്രൂഷ യിൽ മറ്റുള്ളവരുമായി സഹകരിക്കാൻ നാം തയ്യാറാണോ എന്നു കർത്തൃ സന്നിധിയിൽ ഇരുന്ന് നമ്മോടു തന്നെ നാം ചോദിക്കണം . കൃത്യമായ പ്രവർത്തനങ്ങളിലൂടെ നാം പെരുമാറുന്നുണ്ടോ എന്നു ചോദിക്കണം. മറ്റുള്ളവർ നമ്മുടെ സമൂഹത്തിന്റെ ഭാഗമായിരിക്കുന്നു എന്ന് അവർക്ക് അനുഭവപ്പെടുന്നവിധം അവരെ പരിഗണിക്കാൻ നാം തയ്യാറാണോ, അതോ നാം അവരെ അകറ്റി നിറുത്തുന്നുവോ? അപ്പോൾ ഇത്, മനസാന്തരത്തിനായുള്ള രണ്ടാമത്തെ ക്ഷണം ആണ്, അതായത്, സിനഡാത്മകതയ്ക്കായുള്ള ക്ഷണം.

**മൂന്നാമതായി, നമുക്ക് പ്രത്യാശയിൽ ഒരുമിച്ചു യാത്രചെയ്യാം**: എന്തെന്നാൽ, നമുക്ക് ഒരു വാഗ്ദാനം നൽക്കപ്പെട്ടിരിക്കുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമ 5:5) എന്ന ജൂബിലിയുടെ കേന്ദ്ര സന്ദേശം (5) ആയിരിക്കട്ടെ ഉയിർപ്പ് തിരുനാളിന്റെ വിജയത്തിലേക്കു നയിക്കുന്ന നമ്മുടെ തപസ്സുകാല യാത്രയുടെ കേന്ദ്രബിന്ദു. പ്രത്യാശയിൽ രക്ഷ (Spe Salvi) എന്ന ചാക്രിക ലേഖനത്തിൽ ബെനഡിക്ട്ട് പതിനാറാമൻ പാപ്പ നമ്മെ പഠിപ്പിച്ചതുപോലെ, "മനുഷ്യൻ വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹം ആവശ്യമാണ് : അവന് ഇപ്രകാരം പറയാൻ സാധിക്കുന്ന ഉറപ്പ് ആവശ്യമുണ്ട് : 'മരണത്തിനോ ജീവനോ ദൂത

ന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റെന്തെങ്കിലും സൃഷ്ഠിക്കോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെയുള്ള ദൈവ സ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല'. (റോമ 8 : 38- 39)'' എന്റെ പ്രത്യാശയായ ക്രസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നു! അവൻ ജീവിക്കുകയും മഹത്ത്വത്തിൽ വാണരുളുകയും ചെയ്യുന്നു. മരണത്തെ വിജയത്തിലേക്ക് പരിവർത്തപ്പെടുത്തിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ വിശ്വാസവും വലിയ പ്രത്യാശയും ഇതിൽ അധിഷ്ഠിതമാണ് ക്രിസ്തുവിന്റെ ഉയിർപ്പ് !

അതിനാൽ ഇതാണ് മാനസാന്തരത്തിലേക്കുള്ള മൂന്നാമത്തെ ക്ഷണം : പ്രത്യാശയിലേക്കുള്ള ക്ഷണം, ദൈവത്തിലും നിത്യജീവനെക്കുറിച്ചുള്ള അവിടുത്തെ വാഗ്ദാനത്തിലും ആശ്രയം അർപ്പിക്കുക എന്നത്. ആകയാൽ, നമുക്ക് സ്വയം ചോദിക്കാം : കർത്താവ് എന്റെ പാപങ്ങൾ ക്ഷമിക്കുന്നു എന്ന ബോധ്യം എനിക്കുണ്ടോ? എന്റെ രക്ഷയ്ക്കു ഞാൻ മാത്രം മതി എന്ന ചിന്തയിലാണോ ഞാൻ പെരുമാറുന്നത് രക്ഷയ്ക്കായി ഞാൻ കാംക്ഷിക്കുയും അതു പ്രാപിക്കുന്നതിനു വേണ്ടി ദൈവ സഹായം അഭ്യർഥിക്കുകയും ചെയ്യുന്നുണ്ടോ ? ചരിത്രത്തിലെ സംഭവങ്ങൾ വ്യാഖ്യാനിക്കാനും അങ്ങനെ നീതിക്കും സാഹോദര്യത്തിനും വേണ്ടി പ്രിതിജ്ഞാബദ്ധമാവുന്നതിനും നമ്മുടെ പൊതു ഭവനമായ ഭൂമിയെകുറിച്ചും കരുതൽ ഉണ്ടാകുന്നതിനും അങ്ങനെ ആർക്കും താൻ ഒഴിവാക്കപെടുന്നു എന്ന തോന്നാൽ ഉണ്ടാകാതിരിക്കാനുമുള്ള തരത്തിൽ ഞാൻ വ്യക്തമായി ആ പ്രത്യാശ അനുഭവികകുന്നുണ്ടോ ?

പ്രിയ സഹോദരീ സഹോരദന്മാരേ, യേശുക്രിസ്തുവഴി നമുക്ക് ലഭിച്ച് ദൈവ സ്നേഹത്താൽ, നമ്മെ നിരാശപ്പെടുതാത്ത പ്രത്യാശയാൽ (റോമ 5 : 5) കാണുക), നാം നിലനിറുത്തപെടുന്നു. ആത്മാവിന്റെ ഉറച്ചതും ദൃഢവുമായ നങ്കൂരമാണ് പ്രത്യാശ. എല്ലാവരും രക്ഷിക്കപ്പെടുന്നതിനായി (1 തിമോ 2 : 4) പ്രാർത്ഥിക്കാനും തന്റെ വരനായ ക്രിസ്തുവുമായി സ്വർഗീയ മഹിമയിൽ സംയോജിക്കപ്പെടുന്നതിലേക്ക് ഉറ്റുനോക്കാനും അത് സഭയെ പ്രേരിപ്പിക്കുന്നു. ആവിലായിലെ വിശുദ്ധ തേസ്യയുടെ പ്രാർഥന ഇതായിരുന്നു : പ്രത്യാശിക്കുക, എന്റെ ആത്മാവേ, പ്രത്യാശിക്കുക, എന്റെ ആത്മാവെ, പ്രത്യാശി

ക്കുക. നിനക്ക് ആ ദിവസമോ മണിക്കൂറോ അറിയില്ല. ശ്രദ്ധാപൂർവ്വം വ്യാപരിക്കുക : എന്തെന്നാൽ, നിങ്ങളുടെ ക്ഷമയില്ലായ്മ ഉറപ്പുള്ളതിനെ സംശയിക്കുകയും വളരെ കുറഞ്ഞ സമയത്തെ ദീർഘമായി കരുതുകയും ചെയ്യുമ്പോൾ എല്ലാം പെട്ടന്നു കടന്നു പോകും (ആത്മാവിന്റെ ദൈവത്തോടുള്ള പ്രഘോഷണങ്ങൾ The Exclamations of the Soul to God]) 15 : 3) പ്രത്യാഷയുടെ മാതാവായ പരിശുദ്ധ കന്യകാമറിയം നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും നമ്മുടെ തപ്പസ്സുകാലയാത്രയിൽ നമ്മെ അനുതാപനം ചെയ്യുകയും ചെയ്യുമാറാകട്ടെ.

രക്തസാക്ഷികളായ വിശുദ്ധ പോൾ മിക്കിയുടെയും സഹചരന്മാരുടെയും സ്മരണദിനമായ ഫെബ്രുവരി 6, 2025 -ൽ റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽ വച്ച് നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പ**

## 33 -ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

(ഫെബ്രുവരി 11, 2025)

**"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമ 5 : 5), മറിച്ച് പരീക്ഷണകാലത്ത് അത് നമ്മെ ബലപ്പെടുത്തുന്നു.**

പ്രിയ സഹോദരീ സഹോദരന്മാരേ,

ഈ ജൂബിലി വർഷം 2025 -ൽ നാം 33-ാമത് ലോക രോഗീദിനം ആചരിക്കുന്നു. ജൂബിലി വർഷത്തിൽ "പ്രത്യാശയുടെ തീർത്ഥാടകർ" ആകാൻ സഭ നമ്മെ ക്ഷണിക്കുന്ന വേളയിലാണ് ഈ ദിനം നാം ആചരിക്കുന്നത്. ഈ പശ്ചതലത്തിൽ ദൈവവചനം നമ്മെ അനുഗമനം ചെയ്യുകയും വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ നമുക്ക് പ്രോത്സാഹജനകമായ ഒരു സന്ദേശം നൽക്കുകയും ചെയ്യുന്നു. " പ്രത്യാശ നമ്മെ നിരാശരാകുന്നില്ല" (റോമ 5:5); യഥാർത്ഥത്തിൽ അത് പരീക്ഷണകാലത്ത് നമ്മെ ബലപ്പെടുത്തുന്നു.

ഈ വാക്കുകൾ ആശ്വാസദായകമാണ് ; അതേസമയം അവ പരിഭ്രമജനകവും ആകാം, ഏറെ പ്രത്യേകിച്ച്, സഹനത്തിൽ ആയിരിക്കുന്നവർക്ക്, ഉദാഹരണത്തിന്, ശരീരത്തെ ദുർബലപ്പെടുത്തുന്ന രോഗങ്ങൾക്ക് വിധേയമായിരിക്കുബോൾ നമുക്ക് എങ്ങനെയാണ് ബലമുള്ളവർ ആയിരിക്കാൻ സാധിക്കുന്നത് ? വിശേഷിച്ച്, അതിന്റെ ചികിത്സയിക്കായുള്ള ചിലവ് ഭാരിച്ചതായിരിക്കുമ്പോൾ! മാത്രമല്ല, നമ്മുടെ സഹനത്തോടൊപ്പം തന്നെ, നമ്മെ പിന്താങ്ങുന്നവർക്കും സ്നേഹിക്കുന്നവർക്കും നമ്മെ സഹായിക്കാൻ കഴിയാതെ വരുന്നതു കാണുബോൾ നമുക്ക് എങ്ങനെ ശക്തരായിരിക്കാൻ സാധിക്കും ?

ഇതുപോലുള്ള സാഹചര്യങ്ങളിൽ, നമുക്കുള്ളതിലും അധികമായി ശക്തി നമുക്ക് ആവശ്യമായി വരുന്നു. നമുക്ക് ദൈവത്തിന്റെ സഹായം ആവശ്യമാണെന്ന് നാം മനസ്സിലാക്കുന്നു ; അവിടത്തെ ആത്മാവിന്റെ ദാനമായ കൃപയും പരിപാലനയും ബലവും നമുക്ക് ആവശ്യമാണ് (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം,1808 കാണുക)

സഹനത്തിൽ ആയിരിക്കുന്നവർക്ക് ദൈവം എപ്രകാരം സമിപ സ്ഥൻ ആണെന്നു നമുക്ക് ഒരു വിചിന്തനം ചെയ്യാം, അതു മൂന്നു വിധ ത്തിൽ, കണ്ടുമുട്ടലിൽ, വരദാനമായി, പങ്കുവയ്ക്കലിൽ.

1. **കണ്ടുമുട്ടൽ** : യേശു തന്റെ 72 ശിഷ്യരെ ദൗത്യവുമായി പറ ഞ്ഞയച്ചപ്പോൾ (**ലൂക്കാ 10 : 1–9 കാണുക**), രോഗികളോടു “ ദൈവ രാജ്യം നിങ്ങളുടെ അടുക്കലെക്ക് എത്തിയിരിക്കുന്നു”. എന്നു പറയാൻ ആവശ്യപ്പെട്ടു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, തങ്ങളുടെ രോഗം, വേദ നാപൂരിതവും അഗ്രാഹ്യവുമാണെങ്കിൽപ്പോലും കർത്താവിനെ കണ്ടു മുട്ടാനുള്ള ഒരവസരം ആണെന്നു കാണാൻ രോഗികളെ സഹായിക്കാൻ അവിടുന്ന് അവരോടു നിർദേശിക്കുകയായിരുന്നു. രോഗങ്ങളുടെ നേരത്ത് നാം ശാരീരികവും മാനസികവും ആത്മീയവുമായ തലങ്ങ ളിൽ നമ്മുടെ മാനുഷിക ബലഹീനത തിരിച്ചറിയുന്നു. അതേ സമയം തന്നെ, ദൈവത്തിന്റെ സാമീപ്യവും അനുകമ്പയും നാം അനുഭവി ക്കുയും ചെയ്യുന്നു. എന്തെന്നാൽ, യേശുവിലൂടെ ദൈവം നമ്മുടെ മാനുഷിക സഹനത്തിൽ പങ്കുചേരുകയുണ്ടായി. ദൈവം നമ്മെ ഉപേ ക്ഷിക്കാറില്ല ; പലപ്പോഴും ഒരിക്കലും പ്രതീക്ഷിക്കാത്തതും സ്വന്ത മായി നാം കണ്ടെത്താൻ സാധ്യതയില്ലാതിരുന്നതുമായ ശക്തി നമുക്ക് പകർന്നുതന്നുകൊണ്ട് ദൈവം നമ്മെ ആശ്ചര്യപ്പെടുത്താറുണ്ട്.

അതിനാൽ, രോഗം രൂപാന്തരപ്പെടുത്തുന്ന കണ്ട്മുട്ടലിന്റെ അവ സരമായി ഭവിക്കുന്നു ; അതായത്, ജീവിതത്തിന്റെ കൊടുങ്കാറ്റുകളുടെ മധ്യേ നമുക്ക് അഭയം പ്രാപിക്കാവുന്ന ബലമുള്ള ശില ; വലിയ വില കൊടുത്തതാണെങ്കിലും നമ്മെ കൂടുതൽ ശക്തമാകുന്ന ഒരനുഭവം ; കാരണം, നാം ഒറ്റയ്ക്കല്ല എന്ന് അത് നമ്മെ പഠിപ്പിക്കുന്നു. സഹനം എപ്പോഴും ദുർഗ്രാഹ്യമാം വിധം രക്ഷയുടെ ഒരു വാഗ്ദാനം അതിൽ തന്നെ പകർന്നു തരുന്നു ; എന്തെന്നാൽ, ദൈവത്തിന്റെ സാമിപ്യവും അവിടുത്തെ ആശ്വാസദായകമായ സാന്നിധ്യവും അത് നമുക്ക് അനു ഭവവേദ്യമാക്കുന്നു. അങ്ങനെ, “സുവിശേഷത്തിന്റെ പൂർണ്ണത അതിന്റെ വാഗ്ദാനത്തിനും ജീവനുമോടൊപ്പം” മനസ്സിലാക്കാൻ നമുക്ക് കഴിയു ന്നു. (വിശുദ്ധ ജോൺ പോൾ രണ്ടാമൻ, യുവജനങ്ങളോടുള്ള പ്രഭാ ഷണം, ...............)

2. സഹനത്തിൽ ആയിരികകുന്നവർക്ക് ദൈവം എങ്ങനെയാണ് സമീപസ്ഥനായിരിക്കുന്നത് എന്ന രണ്ടാമത്തെ ചിന്തയിലേക്ക് ഇത് നമ്മെ നയിക്കുന്നു. വരദാനമായി , മറ്റെന്തിനേക്കളുമുപരിയായി കർത്താവിൽ നിന്നാണ് പ്രത്യാശ വരുന്നതെന്ന് സഹനം നമ്മെ ബോധ്യപ്പെടുത്തുന്നു.. അതിനാൽ പ്രഥമവും പ്രധാനവുമായി സഹനം സ്വീകരിക്കപ്പെടേണ്ടതും ഉൾക്കൊള്ളേണ്ടതുമായ ഒരു വരദാനമാണ്... മദ്‌ലേൻ ഡെലബ്രൽ സൂചിപ്പിക്കുന്നതനുസരിച്ച് അപ്രകാരം ചെയ്യുന്നത്, “ ദൈവത്തിന്റെ വിശ്വസ്തതയോടു വിശ്വസ്തമായിരിക്കന്നതു വഴിയാണ് ” രാത്രിയിലെ ഒരു വിളക്കാണ് പ്രത്യാശ.

യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ ഉയിർപ്പിൽ മാത്രമാണ് നമ്മുടെ തന്നെ ജീവിതവും ഭാഗധേയവും നിത്യതയുടെ അനന്തചക്രവാളത്തിൽ അതിന്റെ സ്ഥാനം കണ്ടെത്തുന്നത്. “മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കേ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ ക്രിസ്തു യേശുവിലൂടെയുള്ള ദൈവസ്നേഹത്തിൻനിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല ”. (റോമ 8 : 38-39) എന്ന ഉറപ്പ് നമുക്ക് ലഭ്യമാകുന്നത് യേശുവിന്റെ പെസഹാ രഹസ്യത്തിൽ മാത്രമാണ്. ഈ “വലിയ പ്രത്യാശ” ആണ് ജീവിതത്തിന്റെ പരീക്ഷണങ്ങളിലും പ്രതിസന്ധികളിലും വഴി കണ്ടത്തി മുന്നോട്ടുപോകാൻ നമ്മെ സഹായിക്കുന്ന എല്ലാ ചെറിയ മങ്ങിയ വളിച്ചങ്ങളുടെയും ഉറവിടമായിരിക്കുന്നത് (ബെനഡിക്ട്ട് പതിനറാമൻ പ്രത്യാശയിൽ രക്ഷ, 27,31 കാണുക). എമ്മാവൂസിലേക്കുള്ള വഴിയിൽ ശിഷ്യരോടൊപ്പം എന്ന പോലെ, ഉത്ഥിതനായ കർത്താവ് നമ്മുടെ ചാരെ സഹയാത്രികനായി നമ്മെ അനുഗമനം ചെയ്യുന്നു. (ലൂക്കാ 24: 13 -53) അവരെപ്പോലെ നമുക്കും നമ്മുടെ ഉത്കണ്ഠകളും താല്പര്യങ്ങളും ആശാഭംഗങ്ങളും അവനോടു പങ്കുവയ്ക്കുകയും നമ്മെ പ്രകാശിപ്പിക്കുകയും നമ്മുടെ ഹൃദയത്തെ ഉന്മേഷഭരിതമാക്കുകയും ചെയ്യുന്ന അവന്റെ വചനം ശ്രവിക്കുകയും ചെയ്യാം. അവരെപ്പോലെ തന്നെ അപ്പം മുറിക്കലിൽ അവന്റെ സാന്നിധ്യം നമുക്ക് തിരിച്ചറിയാം ; അങ്ങനെ ഇപ്പോഴും നമ്മുടെ സമീപത്തേക്കു വരുകയും നമ്മുടെ ധൈര്യവും ആത്മവിശ്വസവും വീണ്ടെടുത്തു നൽക്കുകയും ചെയ്യുന്ന ആ “വലിയ യാഥാർഥ്യം” നമുക്ക് തിരിച്ചറിയുകയും ചെയ്യാം.

3. ദൈവം നമുക്ക് സമീപസ്ഥൻ ആയിരിക്കുന്ന മൂന്നാമത്തെ വഴിയിലെക്ക് നമുക്ക് തിരിയാം : പങ്കുവയ്ക്കൽ വഴിയായി. സഹന ത്തിന്റെ വേദികൾ പലപ്പോഴും പങ്കുവയ്ക്കലിന്റെയും പരസ്പരം സമ്പ ന്നമാക്കുന്നതിന്റെയും വേദികളാണ്. രോഗികളുടെ കിടക്കകൾക്കരികിൽ എത്രയോ പ്രാവശ്യമാണ് നാം പ്രത്യാശിക്കാൻ പഠിച്ചിട്ടുള്ളത് ? സഹ നത്തിൽ ആയിരിക്കുന്നവരുടെ സമീപത്തായിരുന്നുകൊണ്ട് എത്രയോ പ്രാവശ്യമാണ് നാം വിശ്വസിക്കാൻ പഠിച്ചിട്ടുള്ളത് ? എത്രയോ പ്രാവ ശ്യമാണ് ആവശ്യങ്ങളിൽ ഇരിക്കുന്നവരെ ശുശ്രൂഷിച്ചുകൊണ്ട് നാം സ്നേഹം കണ്ടെത്തിയിട്ടുള്ളത്,, നാം പ്രത്യാശയുടെ ''മാലാഖമാരും'' പരസ്പരം ദൈവത്തിന്റെ സന്ദേശവാഹകരും ആണെന്നു നമുക്ക് ബോധ്യപ്പെടുന്നു. നമ്മളെല്ലാവരും ഒരുമിച്ചാണ് അപ്രകാരം ആയിരി ക്കുന്നത്,,, രോഗികളോ വൈദ്യന്മാരോ നേഴ്സുമാരോ കുടുംബാംഗ ങ്ങളോ സുഹൃത്തുക്കളോ വൈദികരോ സന്യാസീസന്യാസിനികളോ ഒക്കെയായി; നാം എവിടെയായാലും കുടുംബത്തിലോ, ആശുപത്രിക ളിലോ ആതുരാലങ്ങളിലോ വൈദ്യശാലകളിലോ ചികിത്സാകേന്ദ്രങ്ങ ളിലോ ഒക്കെയായാലും, അപ്രകാരമാകാം.

കൃപ നിറഞ്ഞ പ്രസ്തുത കണ്ടുമുട്ടലുകളുടെ സൗന്ദര്യവും പ്രാധാ ന്യവും എങ്ങനെ വിലമതിക്കാൻ ആകുമെന്നു നാം പഠിക്കേണ്ടിയിരി ക്കുന്നു. ഒരു നേഴ്സിന്റെ ആർദ്രമായ പുഞ്ചിരിയും, ഒരു രോഗിയുടെ കൃതജ്ഞതയും പ്രതീക്ഷയും, ഒരു ഭിഷഗ്വരന്റെയോ സന്നദ്ധസേവക ന്റെയോ ശ്രദ്ധയാർന്ന മുഖവും, ഒരു ദമ്പതിയുടെയൊ ഒരു കുട്ടിയു ടെയോ പേരക്കുട്ടിയുടെയോ പ്രിയപ്പെട്ട സ്നേഹിതന്റെയോ ഉത്ക്കൺഠാജനകവും അതേസമയം പ്രത്യാശാജനകവുംമായ നോട്ടവും ഒക്കെ വിലപ്പെട്ടതായി കരുതാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ഇവ യെല്ലാം തന്നെ സൂക്ഷിക്കപ്പെടേണ്ട പ്രകാശകിരണങ്ങളാണ്,, വിപ ത്തിന്റെ ഇരുണ്ട രാത്രിയിൽപ്പോലും അവർ നമുക്ക് ശക്തി പകരുന്നു. അതോടൊപ്പം തന്നെ ജീവിതത്തിന്റെയും സ്നേഹത്തിന്റെയും സാമി പ്യത്തിന്റെയും ആഴമാർന്ന അർഥം നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു (ലൂക്കാ 10 : 25-37) രോഗികളായവരോ സഹനത്തിലായിരിക്കുന്നവരെ പരിചരിക്കുന്നവരോ ആയ സഹോദരീ സഹോദരന്മാർ ഈ ജൂബിലി വർഷത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പ്രവൃതി നിർവഹിക്കുന്നവരാ ണ്. പ്രിയപ്പെട്ടവരെ, നിങ്ങളുടെ ഒരുമിച്ചുള്ള യാത്ര എല്ലാവർക്കും ഒരു അടയാളമാണ് ; ''മനുഷ്യമഹാത്മ്യത്തിന് ഒരു ഗീതം, പ്രത്യശയുടെ ഒരു പാട്ട്'' (പ്രാത്യാശ നമ്മെ നിരാശരാക്കുന്നല്ല,11). അതിന്റെ രാഗ

ങ്ങൾ ആരോഗ്യപരിപാലന  രാഗങ്ങൾ ആരോഗ്യപരിപാലന കേന്ദ്രങ്ങളുടെ  മുറികളുടെയും കിടക്കുകളുടെയും   അപ്പുറത്ത് പോകുന്നതാണ്; അവ ഉപവിയിൽ "ഒരു  സമൂഹത്തെ മുഴുവൻ"  സംഘഗാനപരമായ പങ്കാളിത്തം" (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല,11) പുറത്തെടുക്കാൻ സഹായകമാകും;  അപ്രകാരമുള്ള  ഒരു സ്വരചേർച്ചയിൽ എത്തിച്ചേരുന്നത് പലപ്പോഴും ബുദ്ധിമുട്ടുള്ള കാര്യമാണ് ; ഇക്കാരണത്താൽ തന്നെ അത്  ഏറെ ആശ്വാസദായകവും ശക്തവും  ആണ് ; ഏറ്റവും ആവശ്യമുള്ളിടെത്തല്ലാം  പ്രകാശവും  ഊഷ്മളതയും പകരാൻ അതിനു കഴിയും.

ഈക്കാര്യത്തിൽ, സഭ മുഴുവൻ നിങ്ങൾക്കു നന്ദി പറയുന്നു. ഞാൻ തന്നെയും അപ്രകാരം ചെയ്യുകയും എന്റെ പ്രാർത്ഥനയിൽ നിങ്ങളെ എപ്പോഴും ഓർക്കുകയും ചെയ്യുന്നു. രോഗികളുടെ ആരോഗ്യമായ കന്യകമറിയത്തിനു നിങ്ങളെ ഞാൻ ഭരമേൽപ്പിക്കുന്നു.  നമ്മുടെ വളരെയേറെ സഹോദരീ സഹോദരന്മാർ തങ്ങളുടെ ആവശ്യ നേരത്ത് അവളോടു നടത്തിയ പ്രാർത്ഥനാവരികൾ ഞാൻ ഉപയോഗപ്പെടുത്തുന്നു:

പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ സംരക്ഷണത്തിനായി ഞങ്ങൾ ഓടിയണയുന്നു.   ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ  ഉപേക്ഷിക്കരുതേ.

മഹത്വപൂർണ്ണയും അനുഗ്രഹീതയുമായ കന്യക, എല്ലാ ആപത്തുകളിൽനിന്നും ഞങ്ങളെ എപ്പോഴും കാത്തുകൊള്ളണമേ.

നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും ഞാൻ ആശീർവദിക്കുന്നു, ദയവായി എനിക്കു വേണ്ടി കൂടെ പ്രാർത്ഥിക്കാൻ  വിസ്മരിക്കരുതെ.

റോമിലെ ജോൺ ലാറ്ററൻ ദേവാലയത്തിൽ  നിന്ന് 2025 ജനുവരി 14-ാം    തീയതി നൽകിയത്.

**ഫ്രാൻസിസ് പാപ്പ**

## വാർഷികപൊതുയോഗവും കൈകാരന്മാരുടെ തിരഞ്ഞെടുപ്പും

എല്ലാ ഇടവകകളിലും, ഈ വർഷത്തെ (2024-25) ആണ്ട് തിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസാക്കുന്നതിനും, കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം 2025 ഏപ്രിൽ 27 -ാം തിയതി ഞായറാഴ്ചയോ അതിനു മുമ്പോ നടത്തേണ്ടതാണ്. പൊതുയോഗത്തിൽ 2024-25 വർഷത്തെ വാർഷിക കണക്ക്, 2025-26 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും, 2025 -26 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് (രൂപതാ നിയമാവലി നമ്പർ: 570 - 582 പ്രകാരം) നടത്തുകയും ചെയ്യണം. പൊതുയാഗം കഴിഞ്ഞ ഉടൻതന്നെ രൂപതാ കച്ചേരിയിൽ ഏൽപ്പിക്കേണ്ട കാര്യങ്ങൾ :

1) വാർഷിക കണക്ക്.
2) പൊതുയോഗ തീരുമാനങ്ങൾ കൂരിയ പേപ്പറിൽ എഴുതിയത് രണ്ടു കോപ്പി.
3) കൈകാരന്മാരുടെ ലിസ്റ്റ് (പേര് വിവരങ്ങളോടൊപ്പം ആധാറും, PAN Card നൽകേണ്ടതാണ്).
4) Parish Council അംഗങ്ങളുടെ 2025- 26 ലേക്ക് പുതുക്കിയ ലിസ്റ്റ്.
5) കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് (തന്നിട്ടില്ലാത്തവർ).
6) രൂപതാ വിഹിതം.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വലിയപറമ്പിൽ**
വികാരി ജനറൽ

# ക്രിസ്തു ജൂബിലി 2025

♦ **"കുരിശ് യാത്ര"**

ഈശോയുടെ ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കുരിശ് പ്രയാണത്തിന് ബെൽത്തംഗഡി, മംഗലാപുരം, ഫൊറോനാകളിൽ ഉജ്ജ്വല സ്വീകരണം. മാർച്ച് 2 നു അജെക്കാർ ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. ദേവസ്യ പൈക്കാട്ട് അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും അജെക്കാർ ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് മാർച്ച് 9 മുതൽ 16 വരെ മണിപ്പാൽ ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. ജോസഫ് കുര്യാളശ്ശേരി അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും മണിപ്പാൽ ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് മാർച്ച് 16 മുതൽ 23 വരെ കാട്ടിപ്പള്ള ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. അസ്സി. വികാരി ബഹു. വർഗ്ഗീസ് കോലക്കുന്നേൽ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും കാട്ടിപ്പള്ള ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് മാർച്ച് 23 മുതൽ 30 വരെ കങ്കനാടി ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. അഗസ്റ്റിൻ പൊട്ടംകുളങ്കര അച്ചനും, അസ്സി. വികാരി ബഹു. ജോസഫ് തുരക്കൽ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും കങ്കനാടി ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. ഈ ദിവസങ്ങളിൽ ദേവാലയങ്ങളിൽ വെള്ളിയാഴ്ച്ചയും, ഞായറാഴ്ച്ചയും കുരിശിന്റെ വഴി നടത്തുകയും, കുരിശിന്റെ പ്രാധാന്യത്തെക്കുറിച്ച് ബഹു. വികാരിമാർ പഠിപ്പിക്കുകയും ചെയ്തു. ഈ ഇടവകകളിൽ ഉള്ള എല്ലാ ഭവനങ്ങളിലും വിശുദ്ധ കുരിശിനെ ഭക്തിയോടെ സ്വീകരിക്കുകയും, ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നിർദ്ദശിക്കുന്ന കാര്യങ്ങൾ ചെയ്തു വരികയും ചെയ്യുന്നു.

**Fr. Lawrence Poonolil**
Chancellor

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for April - 2025**

പുതുസാങ്കേതികവിദ്യകളുടെ ഉപയോഗത്തിനായി :

പുതുസാങ്കേതിക വിദ്യകളുടെ ഉപയോഗം മനുഷ്യബന്ധങ്ങളെ തകർക്കാതിരിക്കുന്നതിനും വ്യക്തികളുടെ അന്തസ്സിനെ മാനിക്കുന്നതിനും കാലികപ്രതിസന്ധികളെ നേരിടുന്നതിന് നമ്മെ സഹായിക്കുന്നതിനും വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

♦ **Let us Pray for Rev. Fathers :**

Prayerful Greetings to Very Rev. & Rev. Fathers

**Birth Day :**

| | |
|---|---|
| Joseph Ayamkudy | 02 |
| Sebastian Punnathanath | 06 |
| John Maliekal | 10 |
| Sebastian Poovathingal | 10 |
| Christin Pudhiyakunnel | 11 |
| Joseph Puthuparambil | 28 |
| Thomas Panachickal | 28 |

**Feast Day : April 24 : St. George**

Varghese Puthiyedath
Varghese Panenghat CMI
Varkey Malikayil
George Pazheparambil
Varghese Kolakunnel

**Ordination Day**

| | |
|---|---|
| Fr. Thomas Kallupuraparambil | 20 |
| Fr. Joseph Mattam | 22 |

**♦ വൈദിക സമ്മേളനവും വി. മൂറോൻ വെഞ്ചിരിപ്പും**

വൈദിക സമ്മേളനം 2025 ഏപ്രിൽ മാസം 08-ാം തീയതി വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ച്, 09-ാം തീയതി ഉച്ചയോടെ സമാപിക്കുന്നു. ഏപ്രിൽ മാസം 09-ാം തീയതി രാവിലെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് വി. മൂറോൻ വെഞ്ചരിപ്പ് ഉണ്ടായിരിക്കുന്നതാണ്. രൂപതയിലെ മുഴുവൻ വൈദികരും പങ്കെടുക്കുമല്ലോ.

**♦ 62 – ാം മത് എൽ. ആർ. സി. സെമിനാർ**

സീറോമലബാർ സഭയുടെ ഗവേഷണ പഠന കേന്ദ്രമായ കാക്കനാട് ലിറ്റർജിക്കൽ രീസർച്ച് സെന്റർ സംഘടിപ്പിച്ച 62-ാം മത് എൽ. ആർ. സി. സെമിനാർ 2025 മാർച്ച് 6,7,8, തീയതികളിൽ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ടു. മിഷൻ ട്രജക്ടരീസ് ഓഫ് സീറോ മലബാർ ചർച്ച് : ഹിസ്റ്റോറിക്കൽ ഓവർവ്യൂ എന്ന വിഷയത്തെ ആസ്പദമാക്കി 12 പ്രബന്ധങ്ങളായിരുന്ന അവതരിപ്പിച്ചത്. അതിലൊന്ന് നമ്മുടെ രൂപതയിൽനിന്ന് ബഹു. ജോസഫ് മറ്റത്തിലച്ചനാണ് അവതരിപ്പിച്ചത്. നമ്മുടെ രൂപതയിൽ നിന്ന് ബഹു. തോമസ് പനച്ചിക്കലച്ചൻ, ബഹു. സെബാസ്റ്റ്യൻ പൂവത്തിങ്കലച്ചൻ, ബഹു. ഫ്രൻസീസ് ഓടംബള്ളിയച്ചൻ, ബഹു. വർഗ്ഗീസ് കോലക്കുന്നേലച്ചൻ, എന്നിവർ നമ്മുടെ രൂപതയിൽനിന്നും പ്രതിനിധികളായി പങ്കെടുത്തു.

## ♦ ആദരാഞ്ജലികൾ

**ശ്രീ ജോണി നന്ദളത്ത് (78) :** ക്ലരേഷിയൻ സഭാംഗമായ ബഹു. ജോർജ്ജ് നന്ദളത്തച്ചന്റെയും, ബഹു. സി. വിനയ എഫ്. സി. സി. യുടെയും പിതാവ് ശ്രീ ജോണി നന്ദളത്ത് 2025 മാർച്ച് 20-ാം തീയതി നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ മാർച്ച് 21-ന് തോട്ടത്താടി സെന്റ് ആന്റണി ഫൊറോന ദേവാലയത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന കുടുംബാംഗങ്ങൾക്ക് രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നതോടൊപ്പം പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**ശ്രീമതി ഫിലോമിന (ഷൈനി) മുക്കുഴി :** അഭിവന്ദ്യ പിതാവിന്റെ സഹോദര ഭാര്യ ശ്രീമതി ഷൈനി മുക്കുഴി 2025 മാർച്ച് 21-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാരം മാർച്ച് 23-ന് ജഡ്ക്കൽ സെന്റ് ജോർജ്ജ്

ഫൊറോന ദേവാലയത്തിൽ നടന്നു. പരേതയ്ക്ക് നിത്യശാന്തി നേരുകയും അഭിവന്ദ്യ പിതാവിനും കുടുംബാംഗങ്ങൾക്ക് അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

- **Special Collections : Good Friday Collection - 18th April 2025**

**Fr. Lawrence Poonolil**
Chancellor

# സാൻ തോം ഗുറുമന്ദിര മൈനർ സെമിനാരി

## 1. ദൈവവിളിക്യാമ്പ് - 2025

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് 2025 ഏപ്രിൽ 9,10,11,12 തിയതികളിലാണ് ക്രമീകരിച്ചിരിക്കുന്നത്. കുട്ടികളിലെ ദൈവവിളി കണ്ടെത്താനും, പരിപോഷിപ്പിക്കാനുമുള്ള ഈ ക്യാമ്പിലേക്ക് ഇടവകകളിൽ നിന്നും എസ്. എസ്. എൽ. സി., പി. യൂ. സി. കഴിഞ്ഞ താല്പര്യമുള്ള, എല്ലാ കുട്ടികളെയും പറഞ്ഞയയ്ക്കുമല്ലോ. എല്ലാവരുടെയും സഹകരണം ക്യാമ്പിന്റെ വിജയത്തിനായി അഭ്യർത്ഥിക്കുന്നു.

**ക്യാമ്പ് തീയതികൾ - 2025 ഏപ്രിൽ 9,10,11,12.**
**ഏപ്രിൽ 9 ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിക്കുന്നു**
**ഏപ്രിൽ 12 ശനിയാഴ്ച ഉച്ചക്ക് 1.00 മണിക്ക് അവസാനിക്കുന്നു**
**ക്യാമ്പ് നടക്കുന്ന സ്ഥലം - ജ്ഞാനനിലയ, ബെൾത്തംഗഡി**
**ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഒരുമിച്ചാണ്.**

## 2. ഡിക്കൻപട്ടം സ്വീകരണവും, മൈനർ ഓർഡേർസും

നമ്മുടെ രൂപതയ്ക്ക് വേണ്ടി 2025 ഏപ്രിൽ മാസം 15-ാം തിയതി രാവിലെ 07.30ന് കത്തീഡ്രൽ പള്ളിയിൽ വച്ച് അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിൽനിന്നും 3 പേർ ഡീക്കൻ പട്ടവും ഒരാൾ ഹെവ്പദുയാക്കോന പട്ടവും ഒരാൾ കാറോയ പട്ടവും സ്വീകരിക്കുന്നു.
പൗരോഹിത്യത്തിലേക്ക് ഒരു പടി കൂടി അടുക്കുന്ന ഈ സഹോദരന്മാരെ പ്രാർത്ഥയിൽ അനുസ്മരിക്കാം.

## 3. വൈദിക വസ്ത്ര സ്വീകരണം

റീജൻസി കാലഘട്ടം വിജയകരമായി പൂർത്തിയാക്കി 4 സഹോദരന്മാർ നമ്മുടെ രൂപതയ്ക്ക് വേണ്ടി 2025 ഏപ്രിൽ മാസം 15-ാം തിയതി രാവിലെ 07.30ന് കത്തീഡ്രൽ പള്ളിയിൽ വച്ച് അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിൽനിന്നും വൈദിക വസ്ത്രം സ്വീകരിക്കുന്നു. റീജൻസി കാലത്തെ ഇവരുടെ സ്തുത്യർഹമായ സേവനങ്ങൾക്ക് നന്ദി പറയുന്നു. പൗരോഹിത്യ പാതയിൽ തീക്ഷണതയോടെ മുന്നേറുന്ന ഇവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

## 4. മേജർ സെമിനാരിക്കാരുടെ ക്യാംപ്

2025 ഏപ്രിൽ മാസം 23-ാം തിയ്യതി ബുധനായ്ച വൈകുന്നേരം 4 മണിമുതൽ 27-ാം തിയ്യതി 1 മണിവരെ സിദ്ദപ്പുര(കൊടഗു) ഇടവകയിൽ വച്ച് മേജർ സെമിനാരിക്കാരുടെ ക്യാംപ് മൈനർ സെമിനാരിയിലെ അച്ചന്മാരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ഈ ക്യാംപിന്റെ വിജയത്തിനായി നമ്മുക്ക് പ്രാർത്ഥിക്കാം.

എന്ന് സ്നേഹത്തോടെ,

**Fr. Joseph Kelamparambil**
Rector
&
**Fr. Joseph Valiyaparambil**
Diocesan Vocation Promoter

# വിശ്വാസപരിശീലന രംഗം

**"അവൻ ഇവിടെ ഇല്ല, താൻ അരുളിചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു. അവൻ കിടന്നിരുന്ന സ്ഥലം വന്നു കാണുവിൻ." - മത്തായി 28:6.**

## ഉത്ഥാനത്തിരുനാളിന്റെ ആശംസകൾ

ദൈവത്തിന്റെ വാഗ്ദാനമനുസരിച്ച് യേശുക്രിസ്തു മനുഷ്യത്വം സ്വീകരിക്കുകയും മനുഷ്യവംശത്തിന് രക്ഷ നൽകാനായി മനുഷ്യകുലത്തിന്റെ പാപങ്ങൾ ഏറ്റെടുത്ത്, പീഢകൾ സഹിച്ച്, കുരിശിൽ തറക്കപ്പെട്ടു മരിച്ചു, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. ഈ സംഭവത്തിന്റെ സ്മരണയാണ് ഉത്ഥാനതിരുനാളിന്റെ ആഘോഷം. ഉത്ഥിതനായ യേശുവിൽ വിശ്വസിച്ചുകൊണ്ട് നമുക്ക് യഥാർത്ഥ ക്രിസ്ത്യാനികളായി ജീവിക്കാം. ഉത്ഥാനത്തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹത്തോടെ നേരുന്നു.

## വാർഷിക പരീക്ഷ

ഏപ്രിൽ ആറാം തീയതി ഞായറാഴ്ച രാവിലെ 10.00 മണി മുതൽ 12.30 വരെയാണ് വിശ്വാസപരിശീലന രണ്ടാം സെമസ്റ്റർ പരീക്ഷ നടക്കുന്നത്. തന്നിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ബഹുമാനപ്പെട്ട വികാരിയച്ചനും പ്രധാന അധ്യാപകനും ചേർന്ന് പരീക്ഷ നല്ല രീതിയിൽ നടത്തണമെന്ന് അറിയിക്കുന്നു. ഓറൽ പരീക്ഷ നടത്താൻ മാത്രം ബാക്കി ടീച്ചേഴ്സ് സഹകരിച്ചാൽ മതി.

## സ്കോളർഷിപ്പ്

പ്രത്യേകമായ സ്കോളർഷിപ്പ് പരീക്ഷ ഇല്ലാത്തതിനാൽ 4, 7, 10, 12 ക്ലാസുകളിലെ ഉത്തരക്കടലാസുകൾ വിലയിരുത്തിയതിനുശേഷം റണ്ടു സെമസ്റ്ററുകളുടെയും മാർക്ക് കൂട്ടുമ്പോൾ അർഹത ഉള്ളത് മാത്രം (Above 80 %) രൂപതയിലേക്ക് അയച്ചുതരിക. അങ്ങനെ അയക്കുന്ന കുട്ടികളുടെ രണ്ടു സെമസ്റ്ററുകളുടെയും ഉത്തരക്കടലാസ് അയക്കേണ്ടതാണ്. എല്ലാ പേപ്പറുകളിലും ഇടവകയുടെ സീല് ഉണ്ടാരിക്കണം. അതുപോലെ വികാരിയച്ചന്റെ ഒപ്പും വേണം. അല്ലാത്തവ സ്കോളർഷിപ്പിനു പരിഗണിക്കുന്നതല്ല.

## ഡിപ്ലോമ പോസ്റ്റ് ഡിപ്ലോമ

ഡിപ്ലോമ, പോസ്റ്റ് ഡിപ്ലോമ (10, 12 ക്ലാസുകളിലെ കുട്ടികളുടെ) പേരുവിവരങ്ങളും മാർക്കും തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് **ഏപ്രിൽ 20 ന് മുമ്പായി** രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അവരുടെ പാസ്പോർട്ട് സൈസ് ഫോട്ടോയും അയച്ചുതരേണ്ടതാണ്.

## ക്രിസ്തോത്സവ

നമ്മൾ മുമ്പ് നിശ്ചയിച്ചതുപോലെ എല്ലാ ഇടവകകളിലും ക്രിസ്തോത്സവ നടത്തണമെന്ന് ആഗ്രഹിക്കുന്നു.

**സമയം:** എല്ലാ മൂന്നു ദിവസവും രാവിലെ 10.00 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4.00 മണിക്ക് അവസാനിക്കുന്നതാണ്.

**ഉച്ചഭക്ഷണം:** കുട്ടികൾ കൊണ്ടുവരേണ്ടതാണ്.

**സ്ഥലം:** മൂന്നു ഗ്രൂപ്പുകളായി തിരിച്ച് (1 മുതൽ 4 വരെ, 5 മുതൽ 8 വരെ, 9 മുതൽ 12 വരെ) ക്ലാസ്സുകൾ എടുക്കാൻ മൂന്നു സ്ഥലങ്ങൾ ക്രമീകരിക്കേണ്ടതാണ്.

ക്രിസ്തോത്സവ നടത്താൻ ആവശ്യപ്പെട്ടിരിക്കുന്ന ഇടവകകളും തിയതിയും നടത്തുന്ന റ്റീമുകളും താഴെ ചേർകുന്നു:

## Christotsava - 2025

### April 1-3

1. Ajekar & Hebri @ Hebri:
   Fr. Manoj Kochuputhenpurackal,
   Bro Paul Varangalakkudy, Sr. Pavithra FCC

2. Bajagoli, Kervashe, Malachowki @ Bajagoli:
   Fr. Benny CST, Bro Sibin Maniyala,
   Sr. Elizabeth SH, Mrs. Nickcy

3. Guthigar & Nettana @ Nettana:
   Fr. Jobish Cap, Fr. Alex Cap,
   Sr. Nisha

**April 1, 2**

Manipal: - Fr. Mathew Manappatt, Bro Sebastian Menachery, Sr. Liya MSMI

**April 7,8**

Dharmasthala & Bolminar @ Dharmasthala:
Fr. Deric Paul OCD, Bro Johnson Odampally, Varghese Kazhuthadiyil, Jobin Poovathinkal.

**April 14, 15**

1. Siddapura & Ajri @ Siddapura:
Fr. Devasia Paikatt, Binoy Kanjirathamkunnel

2. Mundaje & Ujire @ Mundaje:
Fr. Thomas Puthiyara, Fr. John CMI, Fr. Biju Ambatt, Sr. Alphonsa FCC,

**April 28,29,30**

1. Belthangady, Venur, Bangady, Shirlal, Navoor, Moorje @ Belthangady:
Fr. Mathew Manappatt, Sr. Jiji CMC, Bro Bijeesh Puthettupadavil, Bro Joh Vettuvazhy

2. Gandibagilu & Devagiri @ Gandibagilu:
Fr Shibu, Sr. Anitta FCC, Bro Vibin Vadakkemulanjinal, Bro Emmanuel Kuttickal

3. Kalenja & Battyal @ Kalenja:
Fr. Donal Thurackal, Sr. Alphy, Bro Jio Valookkaran

4. Addahole, Arla, Nellyady, Shirady, Udane @ Addahole:
Fr. Jins Valiaparambil, Sr. Pavithra FCC, Bro Paul Varangalakkudy, Bro Binoj

5. 7th Hosakote & Siddapura @ 7th Hosakote:

Fr. Jins Kolakunnel, Bro Jithin Menachery,
Jobin Poovathinkal

6. Kutruppady, Padavu & Neeraje @ Kutruppady:

Fr. Cyril Cheriapally, Sr. Elizabeth SH,
Sr. Nisha FCC, Bro Ashwin Menachery

**May 5, 6, 7**
Thottathady & Kanjal @ Thottathady:

Fr. Devasia Paikatt, Sr. Liya MSMI, Bro Binoj,
Bro Ronaldo

**May 1, 2, 3.**
Gonikoppalu & Heggala @ Gonikoppalu:

Fr. Benny CST, Sr. Anitta FCC, Bro Bijeesh,
Bro Ronaldo

## പ്രധാന അധ്യാപകരുടെ സമ്മേളനം

മെയ് 10 ആം തീയതിയാണ് പ്രധാന അധ്യാപകരുടെ സമ്മേളനം നടത്തപ്പെടുന്നത്. തിയതിയിൽ വന്ന മാറ്റം ശ്രദ്ധിക്കുമല്ലോ. എല്ലാവരും 2024–25 ലെ ഒരു ചെറിയ വാർഷിക റിപ്പോർട്ടിന്റെ കോപ്പിയും 2025–26 ലേക്കുള്ള ഇയർപ്ലാനും തയ്യാറാക്കി കൊണ്ടുവരണം.

പ്രധാന അധ്യാപകർ മീറ്റിംഗിനു വരുന്നതിനുമുമ്പ് സ്റ്റാഫ് മീറ്റിംഗ് വിളിച്ചുകൂട്ടി ചർച്ചനടത്തി ഇവിടെ അവതരിപ്പിക്കേണ്ട കാര്യങ്ങൾ നോട്ടു കുറിച്ചുകൊണ്ട് വരേണ്ടതാണ്.

## പ്രതിഭാസംഗമം

2025 ലെ ഏഴാം ക്ലാസ്സ് കുട്ടികളുടെ പ്രതിഭാസംഗമം മെയ് 8,9,10 തിയ്യതികളിൽ കാക്കനാടിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. നമ്മുട രൂപതയിൽനിന്നും ഈ വർഷം 7 ാം ക്ലാസ്സ് പരീക്ഷ എഴുതിയ 4 കുട്ടികൾക്കാണ് അവസരം ലഭിക്കുക (2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ). മാർച്ച് 30 ന് മുൻപായി കുട്ടികളുടെ പേരുവിവരങ്ങൾ **ഏപ്രിൽ പത്തിന് മുമ്പായി** രൂപതാ മതബോധന ഓഫീസിൽ അറിയിക്കണം.

## രൂപതാ മതബോധന കമ്മിറ്റി

മെയ് 17 നാണ് രൂപതാ മതബോധന കമ്മിറ്റി മീറ്റിങ്ങ് നടത്തപ്പെടുന്നത്. എല്ലാ ഫൊറോന വികാരിയച്ചന്മാരും കോർകമ്മിറ്റി അംഗങ്ങളും ഇതിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## ട്രെയിനിങ് പ്രോഗ്രാം

11 ാം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ട്രെയിനിങ് പ്രോഗ്രാം മെയ് 18 ന് നടത്തപ്പെടുന്നു. ഈ വർഷം മുതൽ നമ്മൾ പതിനൊന്നാം ക്ലാസിൽ പുതിയ ടെക്സ്റ്റ് ബുക്ക് ഉപയോഗിക്കുകയാണ്. ഇതിന്റെ പാഠങ്ങൾ തയ്യാറാക്കിയിരിക്കുന്നത് പുതിയ രീതിയിലാണ്. അതുകൊണ്ട് ഇതെങ്ങനെയാണ് പഠിപ്പിക്കേണ്ടത് എന്ന് നമ്മൾ അറിഞ്ഞിരിക്കണം. മെയ് മാസം പതിനെട്ടാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ആയിരിക്കും ക്ലാസ്. പതിനൊന്നാം ക്ലാസിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

## 12 ാം ക്ലാസ് കുട്ടികളുടെ യാത്ര അയപ്പ്

പന്ത്രണ്ടാം ക്ലാസ് കുട്ടികൾ പരീക്ഷ കഴിഞ്ഞാൽ യുവജന സംഘടനയുടെ അംഗങ്ങളാവുകയാണ്. അവർക്ക് യാത്രയയപ്പ് (Send off) നല്കണം. അവരെക്കൊണ്ട് പ്രതിജ്ഞ എടുപ്പിക്കണം.

## ദൈവവിളി ക്യാമ്പ്

ഏപ്രിൽ 9 ാം തീയതി വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 12 ാം തീയതി 1.00 മണിക്ക് തീരും. 10 ാം ക്ലാസ്സ്, 12 ാം ക്ലാസ്സ് പരീക്ഷ എഴുതിയ ആൺകുട്ടികളും പെൺകുട്ടികളുമാണ് ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടത്.

## ഏഞ്ചൽസ് മീറ്റ്

മെയ് മാസം 25 ആം തീയതി ഏഞ്ചൽസ് മീറ്റ് നടത്തപ്പെടുന്നു. രാവിലെ 10.30 നു കത്തിഡ്രൽ പള്ളിയിൽ വി. കുർബാനയും അതിനുശേഷം അഭിവന്ദ്യ പിതാവുമായി കൂടിക്കാഴ്ച്ചയും ഫോട്ടോസെഷനും ഉച്ചഭക്ഷണവും ഉണ്ടായിരിക്കും.

## മതബോധന ഞായർ

ജൂൺ ഒന്നാം തീയതിയാണ് ഈ വർഷം മതബോധന ഞായർ ആഘോഷിക്കുന്നത്. ഈ ദിവസം സമുചിതമായി നടത്താൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്തണമെന്ന് ഓർമിപ്പിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ്

## അൾത്താരബാലന്മാരുടെ ട്രെയിനിങ് ക്യാമ്പ്

ഏപ്രിൽ മാസം 21, 22 തീയതികളിൽ അൾത്താര ബാലന്മാരുടെ ട്രെയിനിങ് ജ്ഞാനനിലത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. ഇരുപത്തിയൊന്നാം തീയതി രാവിലെ പത്തരയ്ക്ക് ആരംഭിച്ചു 22 ആം തീയതി ഒരു മണിക്ക് അവസാനിക്കുന്നതായിരിക്കും. ഇതിൽ പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ ഏപ്രിൽ പത്തിന് മുമ്പായി അറിയിക്കേണ്ടതാണ്. പുതിയതായി ചേർന്ന എല്ലാ അൾത്താരബാല കന്മാരും ഈ ക്യാമ്പിൽ പങ്കെടുക്കണം. രെജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ.

## മിഷൻ ലീഗ് ലീഡേഴ്സ് ട്രെയിനിങ്

ഏപ്രിൽ മാസം 25 മുതൽ 27 വരെയുള്ള തീയതികളിൽ സി. എം.എൽ. ലീടേഴ്സ് ട്രെയിനിങ് ക്യാമ്പ് ജ്ഞാനനിലയത്തിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. 25 ന് വൈകുന്നേരം 4 മണിക്ക് ആരംഭിച്ച 27 ന് ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിക്കും. പങ്കെടുക്കുന്നവർ ഏപ്രിൽ 10 ന് മുമ്പ് പേരുവിവരം അറിയിക്കണം. ഒരാൾക്ക് 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

## സി.എം.എൽ രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

ഈ ട്രൈനിങ്ങ് ക്യാംപിൽവച്ച് മിഷൻലീഗ് രൂപതാ ഭാരവാഹി കളെ തെരഞ്ഞടുക്കുന്നതാണ്. വരും വർഷങ്ങളിൽ രൂപതാതലത്തിൽ മിഷൻലീഗിനെ നയിക്കേണ്ട കുട്ടികളെ ഈ ക്യാംപിലേക്ക് പറഞ്ഞയ ക്കണമെന്ന് അറിയിക്കുന്നു.

## മിഷൻലീഗ് രൂപതാ കമ്മിറ്റി മീറ്റിംഗ്

സി.എം.എൽ. ഫൊറോന ഡയറക്ടർമാരുടെയും രൂപതാ ഭാര വാഹികളുടെയും സമ്മേളനം **മെയ് 7 ാം തീയതി** നടക്കുന്നതാണ്.

എല്ലാ ഫറോനാ ഡയറക്ടർ അച്ചൻമാരും രൂപതാ ഭാരവാഹികളും കോർകമ്മിറ്റി അംഗങ്ങളും ഇതിൽ പങ്കെടുക്കണം. രാവിലെ 10.30 ന് ആരംഭിച്ച് ഒരു മണിയോടെ തീരുന്നതാണ്.

## ആന്ദ്ര മിഷൻപ്രദേശ സന്ദർശനം

മിഷൻലീഗ് കുട്ടികളുടെ ആന്ദ്രമിഷൻ പ്രദേശ സന്ദർശനത്തിന്റെ തീയതിയിൽ മാറ്റം വന്നിട്ടുണ്ട്. മെയ് 12 – 14 വരെയുള്ള തീയതികളിൽ ആണ് ഇത് നടത്തുന്നത്. 11 ന് വൈകിട്ട് പുറപ്പെട്ടു 14 ന് വൈകുന്നേരം തിരിച്ചെത്തുന്ന രീതിയിലാണ് ക്രമീകരണം നടത്തിയിരിക്കുന്നത്. വരാൻ താല്പര്യമുള്ള മിഷൻലീഗ് കുട്ടികളും ആനിമേറ്റർസ് അതുപോലെ ടീച്ചേഴ്സ് പേര് നൽകേണ്ടതാണ്.

**പ്രവർത്തനം:**

വിശുദ്ധരെകുറിച്ചുള്ള ഒരു പുസ്തകം എങ്കിലും വായിച്ച് അതിന്റെ സമ്മറി എഴുതി പഠിക്കുന്ന എല്ലാ കൂട്ടുകാർക്കും വേണ്ടി കാഴ്ചവച്ച പ്രാർത്ഥിക്കുക.

**വചനം:**

യേശു പറഞ്ഞു, ഞാൻ ആകുന്നു വഴിയും സത്യവും ജീവനും; എന്നിലൂടെ അല്ലാതെ ആരും പിതാവിങ്കലേക്ക് വരുന്നില്ല. - യോഹന്നാൻ 14:6.

**സുകൃത ജപം:**

ഈശോയേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

# തിരുബാലസഖ്യം

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ ഗീവർഗീസ് - ഏപ്രിൽ 23.

**പ്രവർത്തനം:**

ദാനിയേൽ പൂവണ്ണത്തിൽ അച്ചൻ വായിക്കുന്ന വചനം ശ്രവിച്ച് മിഷനറിമാർക്ക് വേണ്ടി കാഴ്ചവയ്ക്കുക.

**വചനം:**

ഇതാ യുഗാന്തംവരെ എല്ലായിപ്പോഴും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും. - മത്തായി 28:20.

**സുകൃത ജപം:**

ഈശോ ഉയർത്തെഴുന്നേറ്റു അവൻ സത്യമായും ഉയർത്തെഴുന്നേറ്റു.

**അനുസ്മരിക്കുന്ന തിരുനാൾ:**

വിശുദ്ധ മർക്കോസ് - ഏപ്രിൽ 25.

# ബൈബിൾ അപ്പസ്തോലേറ്റ്

**ബൈബിൾ വായനയും എഴുത്തും നിങ്ങൾ തുടരുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.**

## വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം പഠിക്കാം

തുടർച്ച ...

**6:1–14:** യേശു അപ്പം വർദ്ധിപ്പിക്കുന്നതാണ് നാലു സുവിശേഷകരും വിവരിച്ചിരിക്കുന്ന ഏക അത്ഭുത പ്രവർത്തി. ജീവന്റെ അപ്പത്തെപ്പറ്റിയുള്ള യേശുവിന്റെ നീണ്ട പ്രഭാഷണത്തിന്റെ (6:35–59) ആമുഖമായാണ് അപ്പം വർദ്ധിപ്പിച്ച സംഭവം യോഹന്നാൻ വിവരിക്കുന്നത്.

**6:1 – തിബേരിയാസ്:** ഗലീലി കടൽ (മർക്കോ 1:16) എന്നും ഗനേസറത്ത് തടാകം (ലൂക്കാ 5:1) എന്നും വിളിക്കപ്പെടുന്നു.

**6:5 – അടുത്തേക്ക് വരുന്നു:** യേശുവിൽ വിശ്വസിക്കുകയെന്നാണ് ഇതിനർത്ഥം. തന്റെ അടുത്തേക്കു വരുന്നവർക്കുവേണ്ടിയാണ് യേശു ഈ അത്ഭുതം പ്രവർത്തിക്കുന്നത്. പുതിയ മോശയായി യേശുവിനെ ചിത്രീകരിക്കുന്ന വാക്യമാണിത് (സംഖ്യ 11:13).

**6:9 – ബാർലിയപ്പം:** പാവപ്പെട്ടവരുടെ ഭക്ഷണം. എലീഷാ പ്രവാചകൻ 20 ബാർലിയപ്പംകൊണ്ട് 100 പേരെ സംതൃപ്തരാക്കിയതിനെ ഈ വിശദാംശം ഓർമിപ്പിക്കുന്നു (2 രാജാ 4:42–44). ആദിമസഭയിലെ പ്രബോധനരേഖയായ ഡിഡാഖേയിൽ അപ്പം മുറിക്കൽ ശുശ്രൂഷയ്ക്ക് ബാർലിയപ്പം ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.

**6:10 – പുല്ല്:** വസന്തകാലത്തിന്റെ സൂചന. സങ്കീർത്തനം 23:2 ന്റെ ഓർമ്മയും ഇതുണർത്തുന്നു. അതുകൊണ്ടുതന്നെ പെസഹാ

തിരുനാളിന്റെ കാലവുമായിരുന്നു ഇത്. മർക്കോ 6:39-44 ൽ സമാന്തര വിവരണം കാണാം.

**6:14 – അടയാളംകണ്ട ആളുകൾ**: അടയാളങ്ങളെ ആശ്രയിക്കുന്ന ജനം ഇവിടെ നടത്തുന്ന പ്രഖ്യാപനം യേശുവിലുള്ള യഥാർത്ഥ വിശ്വാസമല്ല പ്രകടിപ്പിക്കുന്നത്.

**6:15 – രാജാവാക്കാൻവേണ്ടി**: റോമാസാമ്രാജ്യത്തിന്റെ മേൽക്കോയ്മയിൽനിന്ന് അവരുടെ രാജ്യത്തെ മോചിപ്പിക്കുന്ന മിശിഹായെ ഇസ്രായേൽ ജനം ആകാംക്ഷയോടെ പ്രതീക്ഷിച്ചിരുന്നു. യേശു രാജാവാണെന്നത് ഈ സുവിശേഷത്തിലെ പ്രധാന പ്രമേയം ആണെങ്കിലും ജനത്തിന്റെ പ്രതീക്ഷകൾക്ക് വിരുദ്ധമായി കുരിശിൽ മരിക്കുന്ന രാജാവിനെയാണ് യോഹന്നാൻ അവതരിപ്പിക്കുന്നത് (19:19, 18:36).

**6:20 – ഞാനാകുന്നു**: യേശുവിന്റെ ദൈവത്വമാണിവിടെ വെളിപ്പെടുന്നത്. കത്തിജ്വലിക്കുന്ന മുൾപ്പടർപ്പിൽനിന്ന് ദൈവം മോശയ്ക്ക് വെളിപ്പെടുത്തിയ പരിശുദ്ധ നാമമായ ഞാൻ ഞാൻതന്നെ (പുറപ്പാട് 3:14 എന്നതിനെ ഓർമ്മപ്പെടുത്തുന്നത് ഈ പ്രയോഗം. **ഭയപ്പെടേണ്ട**: ദൈവസാന്നിധ്യ വാഗ്ദാനമാണിത് (ഉല്പ 26:24, ന്യായാ 6:22-23, ലൂക്കാ 1:30).

**6:25-34 –** ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന് ഒരുക്കമായ ഈ ഭാഗത്ത് ശിഷ്യരിൽ ഉണ്ടായിരിക്കേണ്ട മനോഭാവങ്ങൾ വ്യക്തമാക്കുന്നു. 1. യഥാർത്ഥ ദൈവാന്വേഷണം (25) 2. ആഴമേറിയ വിശ്വാസം (29) 3. ആത്മീയ വിശപ്പ് (34).

**6:31 – സ്വർഗത്തിൽനിന്നുള്ള അപ്പം**: സ്വർഗ്ഗത്തിൽനിന്നുള്ള ദൈവത്തിന്റെ സമ്മാനം എന്ന അർത്ഥത്തിലാണ് പുറപ്പാടിൽ ഈ പ്രയോഗം (പുറ 16:4, 15:32-34, സങ്കീ 78:24, ജ്ഞാനം 16:20). 2 മക്ക 2:5-8 ൽ ജറെമിയ പ്രവാചകൻ മന്ന മറച്ചുവച്ചു എന്നും അവസാന നാളുകളിൽ പെസഹാ തിരുനാളിൽ വീണ്ടും അത് പ്രത്യക്ഷമാകും എന്നും സൂചനയുണ്ട്. മരുഭൂമിയിൽവച്ച് മന്ന നൽകിയ മോശയോട് (പുറ 16:4) മത്സരിക്കാൻ യേശുവിനെ വെല്ലുവിളിക്കുകയാണ് ജനക്കൂട്ടം. മന്നാ സ്വർഗ്ഗത്തിൽനിന്നു വന്നതായിരുന്നെങ്കിലും (6:32) അത് ഉരുകി പോവുകയും (പുറ 16:21) പിറ്റേദിവസത്തേക്ക് മാറ്റിവയ്ക്കപ്പെട്ടാൽ അത് പുഴുത്ത് മോശമാവുകയും ചെയ്യുമായിരുന്നു (പുറ 16:19-20).

**6:32 – യഥാർത്ഥമായ അപ്പം:** ആമുഖത്തിൽ (1:17) മോശയെയും യേശുവിനെയും താരതമ്യപ്പെടുത്തുന്നതിന്റെ തുടർച്ചയാണ് ഇവിടെ കാണുന്നത്. മോശയുടെ സമയത്ത് ലഭിച്ച മന്നായിൽനിന്ന് വ്യത്യസ്തമാണ് യേശു നൽകുന്ന സ്വർഗ്ഗീയ അപ്പം: 1. ഇത് മോശയല്ല, ദൈവമാണ് നൽകുന്നത് 2. കഴിഞ്ഞ കാലത്തല്ല, ഇന്നു ലഭിക്കുന്ന ദാനമാണ് 3. യഥാർത്ഥ അപ്പമാണ് 4. പിതാക്കന്മാർക്ക് അല്ല, യേശുവിൽ വിശ്വസിക്കുന്നവർക്കുള്ളതാണ്.

**6:35–59 –** ജീവന്റെ അപ്പത്തെകുറിച്ചുള്ള ഈ പ്രഭാഷണത്തിലെ ആദ്യ ഭാഗത്ത് (6:35–47) ദൈവവചനമായ യേശു വിശ്വാസത്തിന്റെ പ്രത്യുത്തരം ആവശ്യപ്പെടുന്നു; രണ്ടാം ഭാഗത്ത് (6:48–59) ദിവ്യകാരുണ്യമായ യേശു തന്നെ ഭക്ഷിക്കുക എന്ന് ആവശ്യപ്പെടുന്നു.

**6:35 – ഞാൻ ആകുന്നു:** യോഹന്നാന്റെ സുവിശേഷത്തിൽ വളരെ പ്രധാനപ്പെട്ടതാണ് ഞാൻ ആകുന്നു വചനങ്ങൾ. യേശു തനിക്കായി ഉപയോഗിക്കുന്ന നാമമാണ് ഞാൻ ആകുന്നു (എഗോ എയ്മി: 4:26, 6:20, 8:24, 28, 58, 13:19, 18:5,7). പുറപ്പാടിൽ മോശയ്ക്ക് ദൈവം സ്വയം വെളിപ്പെടുത്തുന്ന പ്രയോഗമാണ് ഞാനാകുന്നു (പുറ 3:14,15). രണ്ടാം ഏശയ്യായും ദൈവത്തിന്റെ മഹോന്നത നാമമായി പ്രഖ്യാപിക്കുന്നത് അനിഹൂ (അവൻ ഞാനാകുന്നു) എന്ന പ്രയോഗമാണ് (ഏശ 41:4, 43:10,11, 46:4, 51:12, 52:6). മിശിഹായുടെ ദൈവത്വത്തിന്റെ അനിഷേധ്യമായ വെളിപ്പെടുത്തലാണ് ഞാൻ ആകുന്നു എന്ന പ്രയോഗം. കേവല രൂപത്തിലുള്ള ഞാനാകുന്നു പ്രയോഗവും (8:24,28,58, 13:9) ആഖ്യാത ങ്ങൾ കൂട്ടിച്ചേർത്ത് ഞാനാകുന്നു വാക്യങ്ങളും സുവിശേഷത്തിൽ ഉണ്ട്. കേവല രൂപത്തിലുള്ള പ്രയോഗം യേശുവിന്റെ അത്യുന്നത അവസ്ഥയെയും ആഖ്യാതങ്ങൾ ചേർന്നുള്ളവ മനുഷ്യ മേഖലയിലേക്കുള്ള ഇറങ്ങിവരവും ദ്യോതിപ്പിക്കുന്നു. ആഖ്യാതങ്ങളോടു കൂടിയ ഏഴ് പ്രസ്താവനകൾ ഉണ്ട്: 1. ഞാനാകുന്നു ജീവന്റെ അപ്പം (6:35), 2. ഞാനാകുന്നു ലോകത്തിന്റെ പ്രകാശം (8:12), 3. ഞാനാകുന്നു വാതിൽ (10:7), 4. ഞാനാകുന്നു നല്ല ഇടയൻ (10:11), 5. ഞാനാകുന്നു പുനരുത്ഥാനവും ജീവനും (11:25), 6. ഞാനാകുന്നു വഴിയും സത്യവും ജീവനും (14:6), 7. ഞാനാകുന്നു സാക്ഷാൽ മുന്തിരിച്ചെടി (15:1). യേശു മനുഷ്യകുലത്തിന് നൽകുന്ന രക്ഷയും കൃപകളുമാണ് ഇവ വെളിപ്പെടുത്തുന്നത്.

**6:37–40 – പിതാവ് എനിക്ക് നൽകുന്നവരെല്ലാം:** ദൈവദാനവും മനുഷ്യപ്രയത്നവും തമ്മിലുള്ള ബന്ധം ഇവിടെ ചർച്ച ചെയ്യപ്പെടുന്നു. മനുഷ്യന്റെ വിശ്വാസം ആരംഭിക്കുന്നത് ദൈവം അവരെ യേശുവിന് നൽകുമ്പോഴാണ്. രക്ഷ എല്ലാവരെയും ഉൾക്കൊള്ളുന്നതിനാൽ യേശു ആരെയും തള്ളിക്കളയുന്നില്ല (39). പക്ഷേ അവസാന തീരുമാനം മനുഷ്യന്റേതാണ് (40). (റോമാ 8:29).

**6:53 – ജീവൻ ഉണ്ടായിരിക്കുകയില്ല:** ദൈവിക ജീവനാണ് ഇവിടെ അർത്ഥമാക്കുന്നത്. യേശു പകർന്നുനൽകുന്ന ജീവൻ ദൈവീക സ്വഭാവത്തിൽ നമ്മെ പങ്കുചേർക്കുന്നു (2 പത്രോ 1:4).

**6:56 – വസിക്കുന്നു:** ഇവിടെ വസിക്കുക എന്ന പദം വിശ്വാസിയും യേശുവും തമ്മിലുള്ള ബന്ധം പുത്രനും പിതാവായ ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ തുടർച്ച തന്നെയാണെന്ന് സൂചിപ്പിക്കുന്നു. ദിവ്യകാരുണ്യവിജ്ഞാനീയം യോഹന്നാന്റെ ദർശനത്തിൽ പരസ്പര ബന്ധത്തിന്റെയും സാന്നിധ്യത്തിന്റെയും അടിസ്ഥാനത്തിലാണ് പടുത്തുയർത്തപ്പെട്ടിരിക്കുന്നത് (യോഹ 1:32,38)

**6:58 – എന്നേക്കും ജീവിക്കും:** വിശുദ്ധ ഗ്രന്ഥത്തിൽ ഈ പ്രയോഗം അപൂർവമായി മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. രണ്ടുതവണ യോഹന്നാന്റെ സുവിശേഷത്തിലും (6:51,58), ഒരു പ്രാവശ്യം ഉല്പത്തി പുസ്തകത്തിന്റെ ഗ്രീക്ക് പരിഭാഷയിലും (ഉല്പ 3:22). അമർത്യതയുടെ കനി വേറിയിരുന്ന ജീവന്റെ വൃക്ഷവും ക്രൈസ്തവ പാരമ്പര്യത്തിൽ അമർത്യതയുടെ ഔഷധം എന്ന് വിളിക്കപ്പെടുന്ന ജീവന്റെ അപ്പവും തമ്മിലുള്ള ഒരു താരതമ്യം ഇവിടെയുണ്ട്.

**6:63 – ആത്മാവാണ്** ...: നമ്മുടെ മനസ്സിനെ ദീപ്തമാക്കാൻ ആത്മാവിനുള്ള കഴിവിനെയും (14:26) വെളിവാക്കപ്പെട്ട സത്യങ്ങളെ വിശ്വാസംമൂലം അല്ലാതെ ഉൾക്കൊള്ളാൻ പറ്റാത്ത മനുഷ്യ യുക്തിയുടെ കഴിവില്ലായ്മയെയും (8:15) താരതമ്യപ്പെടുത്തുന്നതാണ് ഇവിടെ കാണുന്നത്.

**7:6 – എന്റെ സമയം:** കയ്റോസ് എന്ന ഗ്രീക്ക് പദത്തിന് ഉചിതമായ സമയം എന്നാണർത്ഥം. യേശു ഈ സുവിശേഷത്തിൽ ഉപയോഗിക്കുന്ന ഹോറ (മണിക്കൂർ) എന്ന പദത്തിന് സമാനമാണിത്. യേശുവിന്റെ മഹത്വീകരണത്തിന്റെ പൂർണ്ണത പ്രത്യക്ഷമാകുന്ന പീഡാനുഭവ-മരണ സമയമാണ് ഇവിടെ അർത്ഥമാക്കുന്നത് (7:30, 13:1).

**7:14 – തിരുനാൾ പകുതിയായപ്പോൾ:** ഒരാഴ്ച ദൈർഘ്യമുള്ള പെരുന്നാളിന്റെ മൂന്നാം ദിവസം അല്ലെങ്കിൽ നാലാം ദിവസം.

**7:15 – ഒന്നും പഠിച്ചിട്ടില്ലാതിരിക്കെ:** അക്ഷരം പഠിച്ചിട്ടില്ലാതിരിക്കെ എന്ന് പദാനുപദപരിഭാഷ. റബ്ബിമാരെ മറ്റു റബ്ബിമാരാണ് പരിശീലിപ്പിക്കുന്നത്. പരമ്പരാഗതമായി അവർ തങ്ങളുടെ ഗുരുക്കന്മാരെ ഉദ്ധരിക്കാറുണ്ട്. ഔപചാരികമായ ശിക്ഷണം ലഭിക്കാത്ത യേശു വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനത്തിൽ കാണിച്ച അസാമാന്യ ഉൾകാഴ്ചയും അഗാധ പാണ്ഡിത്യവും കണ്ടവർ ആശ്ചര്യഭരിതരായി (മർക്കോ 6:1–3, ലൂക്കാ 2:47).

**7:21 – ഒരു പ്രവർത്തി:** തളർവാതരോഗിയെ സുഖപ്പെടുത്തിയ സംഭവമാണ് ഇവിടെ സൂചിപ്പിക്കുന്നത് (5:1–9). സാബത്തുമായി ബന്ധപ്പെട്ടതുകൊണ്ടാണ് ഇത്തരം ഒരു നിഗമനത്തിൽ എത്തുന്നത് (7:22, 5:9,10)

**7:22 – പരിച്ഛേദനം:** അബ്രഹത്തോട് ദൈവം ചെയ്ത ഉടമ്പടിയുടെ ബാഹ്യമായ അടയാളം (ഉല്പത്തി 17:10–14). പിന്നീട് അത് മോശയും ആയുള്ള ഉടമ്പടിയിൽ ചേർക്കപ്പെട്ടു (ലേവിയർ 12:3). യഹൂദ പാരമ്പര്യമനുസരിച്ച് ആൺകുട്ടിയെ എട്ടാം ദിവസം പരിച്ഛേദനം ചെയ്യണം. അത് സാബത്ത് ദിവസമാണെങ്കിൽ സാബത്തുനിയമം ലംഘിച്ചുകൊണ്ട് പരിച്ഛേദന കർമ്മം നിർവഹിക്കപ്പെടേണ്ടിയിരുന്നു.

**7:33 – അൽപസമയം കൂടി:** യേശു ലോകത്തിൽ കുറച്ചുനാളുകൾ മാത്രമേ ഉണ്ടാവുകയുള്ളൂ എന്ന് അന്ത്യപ്രഭാഷണത്തിലും നാം കാണുന്നുണ്ട് (13:33, 14:15, 16:16–19). യേശുവിൽ വിശ്വസിക്കാൻ അമാന്തിക്കരുത് എന്നാണ് അവിടുത്തെ ശ്രവിക്കുന്നവരെ ഇവിടെ ഓർമ്മപ്പെടുത്തുന്നത്.

**7:37 – ദാഹിക്കുന്നെങ്കിൽ:** മനുഷ്യന്റെ ഏറ്റവും തീക്ഷ്ണമായ ദാഹം (6:35) ശമിപ്പിക്കുന്ന ആത്മീയ ജലത്തിന്റെ (4:10) സ്രോതസ്സ് യേശുവാണ്. തിരുനാളിൽ സീലോഹായിൽനിന്നും വെള്ളം കോരിയെടുക്കുന്ന ചടങ്ങാണ് സൂചിപ്പിക്കപ്പെടുന്നത് എങ്കിലും യേശുവിനെയാണ് ഇവിടെ അർത്ഥമാക്കുന്നത്. സിലോഹാ എന്നാൽ അയക്കപ്പെട്ടവൻ എന്നാണർത്ഥം. ലോകത്തിന്റെ മേൽ വർഷിക്കപ്പെടുന്ന ആത്മാവിന്റെ ഉറവിടം അയക്കപ്പെട്ടവനായ യേശുവാണെന്ന് സാരം (7:39, 20:22). യേശുവിന്റെ വചനം ഇവിടെ കൂടാരത്തിരുനാളിന്റെ സമാപനം

കുറിക്കുന്നു എന്നത് ശ്രദ്ധേയമാണ്. യഹൂദരുടെ ശുദ്ധീകരണത്തിനുള്ള ജലം (2:8-11) യേശുവിന്റെ സാന്നിധ്യത്താൽ പുതിയ മാനം സ്വീകരിക്കുന്നതുപോലെ കൂടാരത്തിരുന്നാളിനും യേശുവിൽ പുതിയ അർത്ഥം കൈവരുന്നു (യോഹ 9:7)

**7:38 - അവന്റെ ഹൃദയത്തിൽ നിന്നും .... ജീവജലം:** പഴയ നിയമത്തിൽനിന്നുള്ള പല വചനങ്ങളുടെയും സംഗ്രഹമാണിത് (സംഖ്യ 20:10-13, ജറെ 2:13, 17:13, എസെ 47:1-12, സഖ 14:8,9,16, ജോയേ 3:18). ഈ പാരമ്പര്യങ്ങൾ എല്ലാം യേശുവിലേക്ക് ഉള്ള ചൂണ്ടുപലകയാണ് (യോഹ 2:21, 12:13, 18:36). ഇവിടെ വാക്യഘടന രണ്ട് വ്യാഖ്യാനങ്ങൾക്ക് ഇടനല്കുന്നു. 1. വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും. 2. യേശുവാണ് ജീവജലത്തിന്റെ ഉറവിടം. രണ്ടാമത്തെ വ്യാഖ്യാനം ആകാം കൂടുതൽ ഉചിതം. യേശു പരിശുദ്ധാത്മാവിനെ നൽകുന്നുവെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നുണ്ട്. യേശുവിനെ സ്വീകരിക്കുന്നവർ പുതുജീവൻ സ്വീകരിക്കുന്നു (3:15,16, 5:24, 6:35, 40,47).

**7:42 - ലിഖിതം:** ദാവീദിൽനിന്നുള്ള മിശിഹായുടെ വംശപരമ്പരയെപ്പറ്റി 2 സാമുവൽ 7:12-14, ഏശ 9:6-7, ജരമിയ 23:5, എസെ 34:23, 24 എന്നീ വചനങ്ങൾ പ്രസ്താവിക്കുമ്പോൾ, അവിടത്തെ ജനന സ്ഥലം ബേത്ല ഹേമാണെന്ന് മിക്ക 5:2 ൽ കാണാം.

തുടരും ...

**Fr. Joseph Mattam**
Director
Apostolates of Bible & Catechesis

# FAMILY APOSTOLATE

## A. Hair Donation Campaign

Place : Jnananilaya, Pastoral Centre, Blethangady
Date : 30th April, 2025, Wednesday
Participants : Hair Donators

**NB: "Attention donors! Your generosity will be recognized and rewarded with a certificate of appreciation".**

## B. MGC: Marriage Guidance Course

Participants : 27
Date : 14th to 16 March, 2025
Venue : Jnananilaya, Pastoral center, Belthangady

# MATHRUVEDI

**1. Grand Parents Day Celebration:**

മാർച്ച് മാസം 19 ആം തീയതി വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലെ അമ്മമാർ ഇടവകകളിലെ മുതിർന്ന മാതാപിതാക്കളെ ആദരിക്കുവാനും അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും സമയം കണ്ടെത്തി. ഇതിനു നേതൃത്വം കൊടുത്ത് ഈ പറയുന്ന ഇടവകകളിലെ അമ്മമാർക്ക് നന്ദിയും സ്നേഹവും അറിയിക്കുന്നു. *Mangalore, Kattipalla, Manipal, Devagiri, Nelliady, Arala, Ichilampady, Ujire, Gandibagilu*

# YOUTH APOSTOLATE

## A. SMYM / ICYM General Body:

Date : On 9th March, 2025
Time : 9 am to 4 pm

| | | |
|---|---|---|
| Participants | : | A total of 98 youth parish executives from 30 parishes attended the assembly and general body meeting. |
| Venue | : | Jnananilaya, Pastoral center, Belthangady |
| Agenda | : | Discussed on Year Plan specially on sports and cultural competitions |

Our Bishop celebrated Holy Mass for our Youth

## B. SMYM SURVEY:

This initiative aims to:

1. Identify the total number of youths in our diocese.
2. Determine the number of unemployed youths.
3. Provide guidance and support to secure suitable employment opportunities for their future.
4. Only those who have participated in the survey and are registered members of the SMYM group are eligible to participate in the cultural and sports competitions

We kindly request the assistance of our priests and responsible individuals to help conduct this survey. Your participation is invaluable in helping us understand the needs of our youths and provide them with necessary support.

## C. Lenten Season Celebration:

❖ Way of the Cross: On the 40th Friday (April -11), we will participate in the Way of the Cross procession to Devagiri Hill, wearing black uniforms as a symbol of our devotion and solidarity.

Let us come together to observe this sacred season with prayer, reflection, and devotion

**Fr. Joby Thomas Pulattu**

Director, Family & Youth Apostolates

# St. Vincent De Paul Society

ತಾರೀಕು 22–3–2025ರಂದು ಸಂತ ವಿನ್ಸೆಂಟ್ ಡಿ.ಪೌಲ್ ಸಂಘಟನೆ ತೋಟತ್ತಾಡಿ ಏರಿಯಾ ಕೌನ್ಸಿಲ್‌ನಿಂದ, ತೋಟತ್ತಾಡಿ ಕಾನ್ಫರನ್ಸ್‌ನಿನ ಮೂಲಕ Pancreas ಸಂಬಂಧ ರೋಗದಿಂದ ಚಿಕಿತ್ಸೆ ಪಡೆಯುತ್ತಿರುವ ತೋಟತ್ತಾಡಿಯ ಬಿಜು ತಟ್ಟಾರಶೇರಿಯವರಿಗೆ ರೂ. 38,000–00 ನೀಡಲಾಗಿದೆ. ಇದಕ್ಕೆ ಸಹಕರಿಸಿದ ಬೆಳ್ತಂಗಡಿ ಸೆಂಟ್ರಲ್ ಕೌನ್ಸಿಲ್, ತೋಟತ್ತಾಡಿ ಏರಿಯಾ ಕೌನ್ಸಿಲ್, ಸೈಂಟ್ ಸೆಬಾಸ್ಟಿಯನ್ ಕಾನ್ಫರನ್ಸ್ ಕಳೆಂಜ, ಸೈಂಟ್ ತೋಮಸ್ ಕಾನ್ಫರೆನ್ಸ್ ಗಂಡಿಬಾಗಿಲು, ಸೈಂಟ್ ಅಂತೋನಿ ಕಾನ್ಫರೆನ್ಸ್ ತೋಟತ್ತಾಡಿ, ಸೈಂಟ್ ಜೋಸೆಫ್ ಕಾನ್ಫರೆನ್ಸ್ ಧರ್ಮಸ್ಥಳ ಇವರಿಗೆ ಧನ್ಯವಾದಗಳು.

## BLOOD DONATION CAMP

A Blood Donation Camp was successfully conducted at St. Alphonsa Forane Church, Kankanady, under the leadership and initiative of Society of St. Vincent de Paul & Indian Red Cross Society Blood Bank, along with Mathruvedi and Youth. The event, held from 9:00 AM to 2:00 PM, witnessed enthusiastic participation from donors of different age groups.

The camp was inaugurated by Fr. Augustine Pottamkulangara, Forane Vicar. He in his inaugural address encouraged all gathered to actively participate in humanitarian activities and thus become a part in society and nation building. He further emphasized the importance of serving humanity through selfless acts like blood donations which gives lives to many.

Sri Praveen Kumar, Chief Coordinator of Indian Red Cross Society Blood Bank Mangalore who spoke on the occasion said that regular and periodical blood donation could help prevent heart diseases, regulate blood sugar levels, and improve overall well-being.

St Alphonsa Conference president Bro NV Paulose who took initiative and organized this camp successfully spoke on the occasion. He thanked all those who participated and cooperated in this camp in different ways.

A total of 121 units of blood was collected in this camp. The blood collected will be given free of cost to the poor patients of various hospitals.

**Bro. Binoy Mevada**
President
St.Vincent De Paul Society

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ. ದಿನಾಂಕ 22.03.2025 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯನ್ನು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಮುಖ್ಯ ಅತಿಥಿಯಾಗಿ ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ (ರಿ)
ಕಡಬ ಇದರ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಡೈಸಿ ಜೋಯಿ ಆಗಮಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ.ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಲಾಯಿತು. ಈ ತಿಂಗಳಿನಲ್ಲಿ ಒಟ್ಟು ರೂ. 4,000 /– ಈ ಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯನ್ನು ಅನುಷ್ಠಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ.

ದಿನಾಂಕ 13.03.2025 ರಂದು ಬಂಗಾಡಿ ನಂದಿನಿ, ಅಭಿಮಾನ್ ಹಾಗೂ ಬದ್ರಿಯ ಸ್ವ–ಸಂಘಕ್ಕೆ ಸಮೃದ್ಧಿ ಯೋಜನೆಯಿಂದ ಕಿರು ಉದ್ದಿಮೆ ಸಾಲ ಪಡೆದ ಫಲಾನುಭವಿಗಳ ಮನೆಯನ್ನು ಯೋಜನಾ ಸಂಯೋಜಕಿ ಕು. ಶ್ರೇಯಾರವರು ಭೇಟಿ ನೀಡಿದರು.

ದಿನಾಂಕ 17.03.2025 ರಂದು ಮರ್ದಾಳ ತುಷಾರ ಸ್ವ–ಸಂಘಕ್ಕೆ ಯೋಜನಾ ಸಂಯೋಜಕಿ ಕು. ಶ್ರೇಯಾರವರು ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದರು.

ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತದಲ್ಲಿ ನಡೆಸಲ್ಪಡುವ ಫಲಾನುಭವಿಗಳ ಮಾನದಂಡಗಳ ಆಧಾರವಗಿ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಪ್ರಾರಂಭಿಸಲು ಒಟ್ಟು 10 ಮಂದಿ ಫಲಾನುಭವಿಗಳಿಗೆ ತಲಾ 15,000/– ದಂತೆ ಒಟ್ಟು ರೂ. 1,50,000/– ನೀಡಲಾಯಿತು.

ಸಾಲ ಪಡೆದುಕೊಂಡ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 14,05,844/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 109 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ

ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,156 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 01.03.2025 ರಂದು ತೋಟತ್ತಾಡಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಹವಾಮಾನ ಬದಲಾವಣೆ ಬಗ್ಗೆ ಕಾರ್ಯಕರ್ತರಾದ ಶ್ರೀ ಜೋನ್ಸನ್‌ರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 36 ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 04.03.2025 ರಂದು ಗಂಡಿಬಾಗಿಲು ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಸಂವಿದಾನಿಕ ಹಕ್ಕುಗಳ ಬಗ್ಗೆ ಕಾರ್ಯಕರ್ತರಾದ ಶ್ರೀ ಜೋನ್ಸನ್‌ರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 35 ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಂಕ 12.03.2025 ರಂದು ಅಂತರಾಷ್ಟ್ರೀಯ ಮಹಿಳಾ ದಿನಾಚರಣೆಯನ್ನು ಸಾನ್ ತೋಮ್ ಟವರ್ ಬೆಳ್ತಂಗಡಿ ಇಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಅಧ್ಯಕ್ಷತೆಯನ್ನು ಸ್ನೇಹಕಿರಣ್ ಮಹಿಳಾ ಮಹಿಳಾ ಒಕಕೂಟದ ಉಪಾಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ವಲ್ಸಮ್ಮ ಎ.ಜೆ ವಹಿಸಿದ್ದರು. ಉದ್ಘಾಟನೆಯನ್ನು ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ಧರ್ಮಾಧ್ಯಕ್ಷರು ಹಾಗೂ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಅಧ್ಯಕ್ಷರಾಗಿರುವ ಪರಮಪೂಜ್ಯ ಲಾರೆನ್ಸ್ ಮುಕ್ಕುಯಿ ಇವರು ನೆರವೇರಿಸಿದರು. ಮುಖ್ಯ ಅತಿಥಿಗಲಾಗಿ ಶ್ರೀಮತಿ ಅನ್ನಮ್ಮ ಡೆಪ್ಯೂಟಿ ಕಮಾಂಡೆಂಟ್ ಸಿ.ಆರ್.ಪಿ.ಎಫ್ ಮಣಿಪುರ, ತಾಲೂಕು ಆರೋಗ್ಯಾಧಿಕಾರಿ ಡಾ। ಸಂಜಾತ್, ಶ್ರೀಮತಿ ತಾರಕೇಶ್ವರಿ ಬಿ.ಇ.ಓ ಬೆಳ್ತಂಗಡಿ, ಮಾನಿನಿ ರಾಜ್ಯ ಮಹಿಳಾ ಒಕ್ಕೂಟದ ಆದ್ಯಕ್ಷರಾಗಿರುವ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್ ಆಗಮಿಸಿ ಶುಭ ಹಾರೈಸಿದರು, ಸಂಸ್ಥೆ ನಿರ್ದೇಶಕರಾದ ವ.ಫಾ। ಬಿನೋಯಿ ಎ.ಜೆ ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಕುಟ್ರುಪ್ಪಾಡಿ ಗ್ರಾಮ ಪಂಚಾಯತಿನಲ್ಲಿ ಜಯಗಲಿಸಿದ ಶ್ರೀಮತಿ ವಲ್ಸಮ್ಮ ಎ.ಜೆ ಹಾಗೂ ಶ್ರೀಮತಿ ಅನ್ನಮ್ಮ ಡೆಪ್ಯೂಟಿ ಕಮಾಂಡೆಂಟ್ ಸಿ.ಆರ್.ಪಿ.ಎಫ್ ಇವರನ್ನು ಸನ್ಮಾನಿಸಲಾಯಿತು. ತರಕಾರಿ ತೋಟ ಸ್ಪರ್ಧೆಯಲ್ಲಿ ವಿಜೇತರಾದವರಿಗೆ ಬಹುಮಾನ ವಿತರಿಸಲಾಯಿತು. 10 ನೇ ತರಗತಿಯಲ್ಲಿ ಅತ್ಯಧಿಕ ಅಂಕ ಪಡೆದ ಕಿ. ಸ್ನೇಹಾ ಎಲಿಜಬೆತ್ ಇವರನ್ನು ಸನ್ಮಾನಿಸಲಾಯಿತು. ಸ್ನೇಹಜ್ಯೋತಿ ಮತ್ತು ಕಿರಣ್ ಒಕ್ಕೂಟದ ಒಟ್ಟು 283 ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 13.03.2025 ರಂದು ಬಂಗಾಡಿ ಸಂಘದ ಸದಸ್ಯರಿಗೆ ಕಾರ್ಯಕರ್ತರಾದ ಶ್ರೀ. ಮಾರ್ಕ್ ಡಿ ಸೋಜಾರವರು ಲಿಂಗ ಸಮಾನತೆ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 30 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 14.03.2025 ರಂದು ಕುಟ್ರುಪಾಡಿ ಜೀವಜ್ಯೋತಿ ಮಹಾ ಸಂಘದ ಸದಸ್ಯರಿಗೆ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ಮಹಾ ಸಂಘ ಬಲವರ್ದನೆ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 14 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 17.03.2025 ರಂದು ಭಾಗ್ಯೋದಯ ಮಹಾಸಂಘ ನೆಟ್ಟಣ ನೇತೃತ್ವದಲ್ಲಿ ವಿಶ್ವ ಮಹಿಳಾ ದಿನಾಚರಣೆಯನ್ನು ಆಚರಿಸಲಾಗಿತು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ। ಬಿನೋಯಿ ಎ.ಜೆರವರು ಸಂಪನ್ಮೂಲ ಕ್ರೋಡಿಕರಣದ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಅತಿಥಿಗಳಾಗಿ ಪಂಚ ಗ್ಯಾರಂಟಿ ಅನುಷ್ಠಾನ ಸಮಿತಿಯ ಅಧ್ಯಕ್ಷರಾದ

ಶ್ರೀ. ಸುಧೀರ್ ಕುಮಾರ್ ಶೆಟ್ಟಿ ಹಾಗೂ ಬಿಳಿನೆಲೆ ಗ್ರಾಮ ಪಂಚಾಯತ್ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಶಾರದಾ ದಿನೇಶ್ ಆಗಮಿಸಿದ್ದರು. ಕಾರ್ಯಕ್ರಮಗಳಿಗೆ ಸಹಕಾರ ನೀಡುತ್ತಿರುವ ಬಿಳಿನೆಲೆಯ ಆರೋಗ್ಯ ಸುರಕ್ಷಾ ಅಧಿಕಾರಿಯಾದ ಶ್ರೀಮತಿ ಮಾಲತಿ ಎಮ್.ಡಿ. ರವರನ್ನು ಸನ್ಮಾನಿಸಲಾಯಿತು. ಒಟ್ಟು 90 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 19.03.2025 ರಂದು ಬೆಳ್ತಂಗಡಿ ಸಂಘದ ಸದಸ್ಯರಿಗೆ ಕಾರ್ಯಕರ್ತರಾದ ಶ್ರೀ. ಮಾರ್ಕ್ ಡಿ ಸೋಜರವರು ಜಾಗತಿಕ ತಾಪಮಾನದ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಂಕ 06.03.25 ರಂದು ಶಿರಾಡಿ ಸಂಘ ಸದಸ್ಯರಿಗೆ ಮತ್ತು 19.03.25 ರಂದು ನೆಲ್ಯಾಡಿ ಮಹಾಸಂಘ ಸದಸ್ಯರಿಗೆ ಸಾಂವಿಧಾನಿಕ ಹಕ್ಕುಗಳ ಬಗ್ಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು ಹಾಜರಿದ್ದರು.

ದಿನಾಂಕ 20.03.2025 ರಂದು ಕಳೆಂಜ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಸ್ಥಳೀಯ ಸಂಪನ್ಮೂಲ ಕ್ರೋಡಿಕರಣದ ಬಗ್ಗೆ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 20.03.2025 ರಂದು ನೆಟ್ಟಣ ಕಲ್ಲಾಜೆ ಸಂಘದ ಸದಸ್ಯರಿಗೆ ಮಾದ್ಯಮ ಶಿಕ್ಷಣದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸುಶೀಲ ಕೆ.ಜಿ ಯವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 20.03.25 ರಂದು ಅಡ್ಡಹೊಳೆಯಲ್ಲಿ ರಾಷ್ಟ್ರೀಯ ಹೆದ್ದಾರಿ ಕಾಮಗಾರಿಯಿಂದ ಶಿರಾಡಿ ಗ್ರಾಮಸ್ಥರಿಗೆ ಆದ ತೊಂದರೆ ಮತ್ತು ನಷ್ಟದ ಬಗ್ಗೆ ಪ್ರತಿಭಟನೆಯನ್ನು ಗ್ರಾಮಸ್ಥರಿಂದ ಆಯೋಜಿಸಲಾಗಿತ್ತು. ಅಡ್ಡಹೊಳೆ ಕ್ಷೇತ್ರದ ಸಂಘಗಳ ಸದಸ್ಯರು ಪ್ರತಿಭಟನೆಯಲ್ಲಿ ಭಾಗವಹಿಸಿ ಸಹಕಾರವನ್ನು ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 04.03.2025 ರಂದು ಧರ್ಮಸ್ಥಳ ಸಂಘದ ಸದಸ್ಯರು ರಸ್ತೆ ದುರಸ್ಥಿ ಬಗ್ಗೆ ಗ್ರಾಮ ಸಭೆಯಲ್ಲಿ ಅರ್ಜಿ ಸಲ್ಲಿಸಿದ್ದಾರೆ. ಒಟ್ಟು 10 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಸಿದ್ದರು.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 22.02.2025 ರಂದು ಮದ್ದೋಡಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ಹಾಗೂ ಆರೋಗ್ಯಕರ ಜೀವನ ಕ್ರಮದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಮುತ್ತು ಮೊಗವೀರರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 10 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 23.02.2025 ರಂದು ಕಲ್ಮಕ್ಕಿಯಲ್ಲಿ ಆರೋಗ್ಯಕೆ ಜೀವನಶೈಲಿಯ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸರೋಜರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 9 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 24.02.2025 ರಂದು ನೆಟ್ಟಣದಲ್ಲಿ ಕ್ಯಾನ್ಸರ್ ಹಾಗೂ ಆರೋಗ್ಯಕರ ಆಹಾರ ಕ್ರಮದ ಬಗ್ಗೆ ಮಹಿಳಾ ಸಶಕ್ತತಾ ಯೋಜನಾ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 16 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 25.02.2025 ರಂದು ಬೀಸಿನಪಾರೆಯಲ್ಲಿ ಆರೋಗ್ಯಕರ ಜೀವನಶೈಲಿಯ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಪುಷ್ಪಲತಾರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 8 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 16.03.2025 ರಂದು ಕಲ್ಮಕ್ಕಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸರೋಜರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 9 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಿದ್ದೇವೆ.

ಈ ಯೋಜನೆಯ ಅನುಷ್ಠಾನಗೋಸ್ಕರ ಇದುವರೆಗೆ ಒಟ್ಟು 234 ಮಂದಿ ಆರ್ಥಿಕ ಸಹಾಯ ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು 25,652/– ರೂ. ಲಭಿಸಿರುತ್ತದೆ.

**ಇತರ ಕಾರ್ಯಕ್ರಮಗಳು:**

ದಿನಾಂಕ 06.03.2025 ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ, ಹಣಕಾಸು ಅಧಿಕಾರಿ ಶ್ರೀ. ಬಾಬು ತೋಮಸ್ ಹಾಗೂ ಸಂಯೋಜಕ ಶ್ರೀ. ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್‌ರವರು ಕೇರಳ ರಾಜ್ಯದ ತೊಡುಪುರದಲ್ಲಿರುವ ಫಿನೈಲ್, ಸೋಪ್ ವಾಟರ್ ಹಾಗೂ ಡಿಟರ್ಜೆಂಟ್ ತಯಾರಿಕಾ ಕಾರ್ಖಾನೆಗೆ ತೆರಳಿ ವೀಕ್ಷಣೆ ಮಾಡಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಅಧೀನದಲ್ಲಿ ಇಂತಹ ಘಟಕ ಸ್ಥಾಪಿಸುವ ಬಗ್ಗೆ ಚಿಂತನೆ ನಡೆಸಲಾಗಿದೆ.

**Fr. Varkey Malikayil**
Director, Social Service Department

# Christ Jubilee-2025
# Class on Vatican II 26.02.2025







# Newly Blessed Cemetery
# Navoor 02.03.2025





# World Women’s Day: Belthangady 12.03.2025







# Marriage Guidance Course
# Belthangady 14-16.3.2025




# SMYM : Annual General Body Meeting
# Belthangady 9.3.2025



# L.R.C.Seminar
# Kakkanad 4-6.3.2025




# Carmel Homeo Clinic
# Padavu



## Blood Donation Camp
## SCV & Matruvedhi Units, Kankanady




---

## Christ Jubilee - 2025
## Cross Journey : Kattippalla



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## മാർച്ച് - 2025

02. വൈകുന്നേരം 4.00 ന് നാവൂർ ഇടവകയിൽ വി. ബലി അർപ്പിച്ച് പുതുക്കി പണിത സിമിത്തേരിയുടെ വെഞ്ചിരിപ്പ് നിർവ്വഹിച്ചു.

03. രാവിലെ 7.00 ന് കത്തീഡ്രൽ ദേവാലയത്തിൽ വിഭൂതിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

05. ബിഷപ്പ്സ് ഹൗസിൽ വച്ച് ശാലോം ടിവിയ്ക്ക് വേണ്ടി ആഭിമുഖം നടത്തി.

09. രാവിലെ 06.45 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന എസ്. എം. വൈ, എം. ജനറൽ ബോഡി യോഗത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

12. രാവിലെ 10.00 ന് മഹിളാ ദിനാചരണത്തോടനുബന്ധിച്ച് ഡി. കെ. ആർ. ഡി. എസ്-ന്റെ ആഭിമുഖ്യത്തിൽ ബെൽത്തംഗഡിയിൽ വച്ചു നടത്തപ്പെട്ട പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

16. രാവിലെ 06.45 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന വിവാഹ ഒരുക്ക സെമിനാറിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും, വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ സമാപന സന്ദേശം നല്കുകയും ചെയ്തു.

17. രാവിലെ 08.30 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

18. വൈകുന്നേരം ജ്ഞാനനിലയത്തിൽ വച്ച്, രൂപതാ കേന്ദ്രത്തിലും ജ്ഞാനനിലയത്തിലുമുള്ള വൈദികരോടൊപ്പം മാസധ്യാനത്തിൽ പങ്കെടുത്തു.

19. രാവിലെ 10.00 ന് ജ്യോതി ഹോസ്പിറ്റലിൽ നിർമ്മിച്ച പുതിയ കാഷ്വാലിറ്റിയുടെ ഉദ്ഘാടനം നടത്തി. വൈകുന്നേരം ബിഷപ്പ്സ്

ഹൗസിൽ വച്ചു നടന്ന വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

20. പുത്തൂർ മൈനർ സെമിനാരിയിൽ വച്ച് മൂന്നാം വർഷ വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കളുമായുള്ള കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

21. വൈകുന്നേരം 05.00 ന് തോട്ടത്താടി ഇടവക ദേവാലയത്തിൽ ക്ലരേഷിയൻ സഭാംഗമായ ബഹു. ജോർജ്ജ് നന്ദളത്തച്ചന്റെയും, ബഹു. സി. വിനയ എഫ്. സി. സി. യുടെയും വൽസല പിതാവ് പരേതനായ ജോണി നന്ദളത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

23. വൈകുന്നേരം 04.00 ന് ജഡ്ക്കൽ സെന്റ് ജോർജ്ജ് ദേവാലയത്തിൽ അഭിവന്ദ്യ പിതാവിന്റെ സഹോദര ഭാര്യ പരേതയായ ശ്രീമതി ഷൈനി മുക്കുഴിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

24-28. ഭദ്രാവതിയിൽ വച്ച് നടന്ന കർണാടക റീജനൽ മെത്രാൻമാരുടെ (കെ.ആർ.സി.ബി.സി.) വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.



# BISHOP'S ENGAGEMENTS

## APRIL - 2025

| | | | |
|---|---|---|---|
| 01. | Belthangady | : | San Thom Tower |
| 08-09. | Belthangady | : | Priests' Conference & Chrism Mass |
| 09. | Belthangady | : | Vocation Camp |
| 11. | Belthangady | : | Vocation Camp |
| 13. | Belthangady | : | Cathedral Church : Palm Sunday |
| 15. | Belthangady | : | Cathedral Church : Minor Orders |
| 16-20. | Belthangady | : | Cathedral Church : Holy Week |
| 21. | Belthangady | : | Jnananilaya |
| 22. | Belthangady | : | Jnananilaya |
| 24. | Gandibagilu | | |
| 26. | Belthangady | : | Cathedral Church |
| 27. | Siddapura (K) | | |

Registered News Paper Monthly

**UDAYADEEPA BELTHANGADY**

REGISTERED NO.PTR/105/2024-2026

LICENSED TO POST WITHOUT PREPAYMENT

LICENSE NO. SK/WPP/PTR/219/2024-26

RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**

**ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-**




Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421,Email:rpujire@gmail.com.

Editor: Fr. Lawrence Poonolil, Chancellor, 9481039879